SINCE 1989

KNANAYADEEPAM


# ക്നാനായദീപം

Vol: 31 / Issue: 4 April 2020 ₹:15/-



**8 – ാം ചരമവാർഷികം**

**21- 04 - 2020**



**റവ. ഫാ. പി. പി. ഏബ്രഹാം**

**പുത്തൻകളത്തിൽ, വെളിയനാട്**

ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ചോ
രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം
സന്തപ്ത കുടുംബാംഗങ്ങൾ

**4th Death Anniversary**

**15- 04 - 2020**



**P. Punnoose**
**Kudakanal House**
**Valsad**
**Gujarat**

**"All of us are grateful for the fond memories"**

**5 – ാം ചരമവാർഷികം**

**17 - 04 - 2020**



**ചിന്നമ്മ ഏബ്രഹാം**

**കൊല്ലംപറമ്പിൽ**

**ചാന്നാനിക്കാട്**

*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**32 – ാം ചരമവാർഷികം**

**26-03-2020**



**കെ. സി. സ്കറിയ**

**കല്ലുകുളം**

**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ ദീപം

SINCE 1989

2020 ഏപ്രിൽ    പുസ്തകം 31    ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കരിയർ തെരഞ്ഞെടുക്കുമ്പോൾ 08
ഡോ. സുനിൽ ഡി. കുരുവിള

മൂഴിയിൽ വെരി. റവ. എം. സി. സാമുവേൽ കോറെപ്പിസ്ക്കോപ്പ അനുസ്മരണം 10
ഫാ. എ. റ്റി. തോമസ് കോറെപ്പിസ്ക്കോപ്പ

മാതൃകാ കുടുംബജീവിതം 11
ഫാ. ഡോ. ജയിംസ് തോടത്തിൽ

കോവിഡ് അവധിക്കാലം ആഹ്ലാദകരമാക്കാം 13
സ്മിജു ജേക്കബ് മറ്റക്കാട്ട്

ഒന്നു പുഞ്ചിരിക്കൂ 16
സി. ഐ. ചാക്കോ

കാൽപ്പാടുകൾ 17
എബി

18 മലർവാടിക്കൂട്ടം

18 ബാലദീപം ക്വിസ്

19 മനുഷ്യാവകാശങ്ങൾ
അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ

21 ഇങ്ങനെയും ജീവിതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

22 DEFINITION OF THE TERM KNANAYA
Sundeep Abraham BE, LLB.

24 അഹന്ത (കവിത)
പുളിങ്കുന്ന് ലൂക്കാ

25 മാട്രിമോണിയൽ

26 യഹോവ എന്റെ നല്ലിടയൻ (കവിത)
സാലി ജയിംസ്

27 ഇനി ഈ യാത്ര അല്പദൂരം മാത്രം
റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www. knanayadeepam.com**



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



എഡിറ്റോറിയൽ

Covid 19

# മഹാമാരി

**ചൈ**നയിലെ വുഹാനിൽ പൊട്ടിപുറപ്പെട്ട കൊറോണ (കോവിഡ്–19 രോഗം) ലോകം കണ്ട ഏറ്റവും വിനാശകാരിയായ വൈറസ്, ശാസ്ത്രലോകത്തിന്റെ കണ്ടുപിടുത്തങ്ങൾക്ക് അപ്പുറമായി ലോകരാജ്യങ്ങളെയാകെ ഭീതിയിലാക്കി, ഏകദേശം ലോകത്തിന്റെ ഭൂരിഭാഗം ജനങ്ങളേയും വീട്ടുതടങ്കലിൽ ആക്കിയിരിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തും, നമ്മുടെ സംസ്ഥാനത്തും ഭീതിയുളവാക്കുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജനങ്ങളുടെ സുരക്ഷയ്ക്കായി കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ഈ തലമുറയിലുള്ളവർ ഭൂകമ്പത്തിന്റെയും, സുനാമിയുടെയും, വെള്ളപ്പൊക്കത്തിന്റെയും കെടുതികൾ അറിഞ്ഞിട്ടുള്ളവരാണ്. അപ്പോഴെല്ലാം ജാതി–മത ചിന്തകൾക്കതീതമായി ഒന്നിച്ചുനിന്ന് നേരിട്ടിട്ടുണ്ട്. ഇത് ഒരു മഹാമാരിയായി, പ്രവചനാതീതമായി ജനസഹസ്രങ്ങളെ കൊന്നൊടുക്കിക്കൊണ്ട് ലോകത്തെ നിശ്ചലമാക്കിയിരിക്കുന്നു. കോവിഡ്–19 ന്റെ സംഹാരതാണ്ഡവം എവിടെവരെ എന്ന് ആർക്കും ചിന്തിക്കുന്നതിന് അപ്പുറമായി എത്തിയിരിക്കുന്നു. ദിനംതോറും മരണസംഖ്യ ഏറുന്നു. യൂറോപ്പ്, യു.എസ്.എ, ഏഷ്യൻ രാജ്യങ്ങളെ ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.



ഈ മഹാമാരിക്കെതിരായ പോരാട്ട ചിത്രങ്ങളിൽ ലോകത്തിൽ ഒരു പുതിയ കാഴ്ചയായി നമ്മുടെ രാജ്യം നിൽക്കുന്നു. ലോകത്തിന് ഒരു മാതൃകാചിത്രമായി നമ്മുടെ കൊച്ചുകേരളം മാറിയിരിക്കുന്നു. രോഗവ്യാപനത്തെ തടയുക എന്ന ചിന്തകളോടെ കേന്ദ്ര-സംസ്ഥാന അധികാരികൾ നൽകിയ നിയന്ത്രണങ്ങളെ രാജ്യം മുഴുവനായി ഏറ്റെടുത്തതുകൊണ്ടാണ് നമ്മുടെ ദേശത്ത് ഈ രോഗവ്യാപനത്തിന് നിയന്ത്രണങ്ങൾ വരുത്തുവാൻ സാധിച്ചത്. നമ്മുടെ രാജ്യത്തെ ആരോഗ്യപ്രവർത്തകരെ ഓർക്കാം. കേരളത്തെ സംബന്ധിച്ചടത്തോളം വലിയ ഒരു സന്തോഷം നിറഞ്ഞ വാർത്തയായിരുന്നു 93 വയസ്സും 88 വയസ്സുമുള്ള വൃദ്ധദമ്പതികളെ ചികിത്സിച്ച് സുഖമാക്കിയത്. നമ്മുടെ ആരോഗ്യപ്രവർത്തകരെ ഓർക്കാം. ലോകത്തിന്റെ മുൻപിൽ അഭിമാനമായി നമ്മുടെ ആരോഗ്യവകുപ്പ് എണ്ണയിട്ട യന്ത്രംപോലെ കോവിഡ്–19 ന്റെ ആദ്യ രോഗിയെ കണ്ടെത്തിയതുമുതൽ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിജയമാണ് നമുക്കുണ്ടായത്. നമ്മുടെ ഭരണാധികാരികൾ, ആരോഗ്യപ്രവർത്തകർ, ഈ മഹാമാരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് ചേർന്നായിരിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റ് ജീവനക്കാരെയും അഭിനന്ദിക്കാം.

ആരാധനാലയങ്ങൾ അടയ്ക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ ഭവനസഭകളായി ദൈവത്തെ ആരാധിക്കുന്നു. ആഘോഷങ്ങൾ മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. സകല വ്യാപാര, തൊഴിൽ മേഖലകളും സാമ്പത്തിക തളർച്ച നേരിടുന്നു. ഈ മഹാമാരി നമ്മെ ചിലത് ഓർമ്മിപ്പിക്കുന്നു. ഇവിടെ ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങളില്ല. ദരിദ്രൻ-സമ്പന്നൻ വ്യത്യാസമില്ല. ഓർക്കുക ഈ മഹാമാരിയെ നേരിടേണ്ടത് ഒന്നിച്ചാണ്.

ഈ മഹാമാരിക്കുമുമ്പിൽ മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ ഒന്നുമല്ല. എല്ലാ വഴികളും അടയുമ്പോഴും തുറന്നു കിടക്കുന്ന ഒരു വാതിലുണ്ട്, **ദൈവീക സാമീപ്യം**. പ്രാർത്ഥനാ വഴിയിലൂടെ അവിടേക്ക് നമുക്കെത്താം. തിരുവചനം ഓർമ്മിപ്പിക്കും "പെറ്റമ്മ നിന്നെ മറന്നാലും ഞാൻ നിന്നെ മറക്കില്ല." നമ്മുടെ പ്രാർത്ഥനാ വാതിൽ തുറക്കാം. നമ്മെ അറിയുന്ന, കേൾക്കുന്ന, ഉന്നതന്റെ സന്നിധി അണയാം. അവിടുന്ന് നമ്മെ കൈവിടില്ല. "ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവീൻ" (എഫേ. 6:10–11). പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരതയോടിരിക്കാം. കർത്താവേ, ഈ മഹാമാരിയെ ലോകത്തിൽ നിന്നു നീക്കേണമേ ആമ്മീൻ.

**ഫാ. ജേക്കബ് കല്ലുകുളം**

മാനേജിംഗ് എഡിറ്റർ

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ഏവർക്കും ഈസ്റ്റർ ആശംസകൾ ആദ്യമേ നേർന്നു കൊള്ളട്ടെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും എല്ലാവരോടും കൂടെ എന്നും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

എന്താണ് ഈസ്റ്റർ? പാപമില്ലാത്തവനായ നമ്മുടെ കർത്താവ് ഒരു പാപിയെപ്പോലെ മരിച്ചു അടക്കപ്പെട്ടിട്ടും മരണത്തെ ജയിച്ചു ഉയർത്തെഴുന്നേറ്റ് നമ്മെ മരണത്തിൽനിന്നും വീണ്ടെടുത്ത അനുഗ്രഹീത ദിവസമത്രേ ഈസ്റ്റർ! കർത്താവിന്റെ കബടക്കസമയത്ത് മാലാഖമാർ പാടിയ ത്രൈമാന കീർത്തനത്തിൽ നമ്മുടെ കർത്താവിന്റെ മൂന്നു വിശേഷതകൾ വർണ്ണിച്ചിരിക്കുന്നത് ശ്രദ്ധാർഹമാണ്. 1. നമ്മുടെ കർത്താവ് പരിശുദ്ധനായ ദൈവം ആകുന്നു. 2. അവൻ ബലവാനായ ദൈവം ആകുന്നു. 3. അവൻ മരണമില്ലാത്തവനായ ദൈവം ആകുന്നു.

പരിശുദ്ധനും, ബലവാനും മരണമില്ലാത്തവനുമായ ദൈവം ഒരു ബലഹീനനെപ്പോലെ മരിച്ചത് തന്റെ മരണത്താൽ നമ്മുടെ മരണത്തെ മായിച്ചു കളയുവാനായിട്ടാകുന്നു.

കർത്താവ് തന്റെ പരസ്യശുശ്രൂഷയുടെ കാലത്ത് ജനത്തെ പഠിപ്പിച്ചു. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യ ജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു (യോഹ.6:27). കർത്താവ് ഈ ലോകത്ത് വന്നത് ഐഹിക സമ്പത്തുകൊണ്ട് മനുഷ്യനെ പോഷിപ്പിക്കാനല്ല, മറിച്ച് തന്റെ ശരീരം മുറിച്ചു ഭക്ഷണമായി നല്കാനും, തന്റെ രക്തം പകർന്നു നമ്മെ കുടിപ്പിക്കാനുമായിട്ടാണ്. തന്റെ ശരീരരക്തങ്ങൾ നാം ആഹരിച്ചെങ്കിൽ മാത്രമേ നാം പുത്രനിലും, പുത്രൻതമ്പുരാൻ നമ്മിലുമായി വസിക്കയുള്ളു; നാം നിത്യജീവൻ പ്രാപിക്കുകയുള്ളു. അവസാന നാളിലെ പുനരുത്ഥാനത്തിന് നാം അർഹരായി തീരുകയുള്ളു. പെസഹായുടെ രാത്രിയിൽ അപ്പവീഞ്ഞു തന്റെ ശരീരരക്തങ്ങളായി ശിഷ്യന്മാർക്കു നല്കി. അതായത് വിശുദ്ധ കുർബ്ബാനയെന്ന മഹത്തായ കൂദാശയെ സ്ഥാപിച്ചു. തുടർന്നു മനുഷ്യരാശിയുടെ പാപങ്ങളുടെ പരിഹാരത്തിനായി തിരുവെഴുത്തുകളിൻപ്രകാരം പിതാവിന്റെ സന്നിധിയിൽ ബലിയാകുവാനായി ക്രൂശകരുടെ കൈയ്യിൽ സ്വയം ഏല്പിച്ചുകൊടുത്തു.

യഹൂദന്മാർ അവനെ പിടിച്ചു. നമ്മുടെ കർത്താവ് പാപമില്ലാത്തവൻ ആയിരുന്നിട്ടും, ന്യായാധിപനായ പീലാത്തോസിന് അവനിൽ ഒരു കുറ്റവും കാണുവാൻ സാധിക്കാതെ ഇരുന്നിട്ടും, അവൻ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. ഒരു പാപിയെപ്പോലെ അവൻ മരിച്ചു. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ പാപങ്ങളെ പിതാവ് തന്റെ പുത്രന്റെ മേൽ ആക്കി. അവന്റെ പങ്കപ്പാടുകളാൽ നമുക്ക് പാപമോചനം ലഭിച്ചിരിക്കുന്നു. (യെശയ്യാ. 53:4-11) അവൻ മരിച്ചു; അടക്കപ്പെട്ടു. പാതാളത്തിലറങ്ങി. മരണാധീനതയിലായിരുന്ന മനുഷ്യവർഗ്ഗത്തെ മോചിപ്പിച്ചും മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഈ വാഴ്ത്തപ്പെട്ട ദിവസമത്രേ "ഈസ്റ്റർ".

മനുഷ്യവർഗ്ഗത്തിന് ജീവനും പ്രത്യാശയും നല്കുന്ന ദിവസമാണ് ഈസ്റ്റർ. ആഴ്ചവട്ടത്തിന്റെ ആദ്യ ദിവസമായ ഞായറാഴ്ചയാണ് കർത്താവിന്റെ ഉയിർപ്പു സംഭവിച്ചത്. ആകയാൽ ഈ ദിവസം പള്ളികളും ദയറാകളും ആനന്ദിക്കുന്നു. നാം സന്തോഷിച്ചാനന്ദിക്കുന്നതിനുവേണ്ടി യഹോവ ഉണ്ടാക്കിയ ദിവസമത്രേ ഇത്. കർത്തൃ ദിവസമെന്നും ഈ ദിവസം അറിയപ്പെടുന്നു.

തന്റെ തിരുമേനിയുടെ വിലയേറിയ പീഢാനുഭവങ്ങളാൽ മരണത്തിൽ നിന്നു നമ്മെ വീണ്ടെടുത്ത കർത്താവിനു മഹത്വം കരേറ്റാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുറിയാക്കോസ് വലിയ മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ടവരെ,

ചൈനയിലെ വുഹാനിൽ നിന്നും ഉത്ഭവിച്ച് ലോകം മുഴുവൻ വ്യാപിച്ച covid-19 നുമായി ബന്ധപ്പെട്ടു വലിയ പ്രതിസന്ധിയിൽ കൂടിയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. വികസിത രാജ്യമെന്നോ വികസ്വര രാജ്യമെന്നോ വ്യത്യാസമില്ലാതെ കേവലം ഒരു സൂക്ഷ്മാണു സംഹാര താണ്ഡവമാടുന്നു. ശാസ്ത്ര ലോകത്തിലെ മനുഷ്യന് പഠിക്കുവാനോ ഒരു പ്രതിരോധം ഉണ്ടാക്കുവാനോ ഉള്ള സമയപരിധികൾപോലും കൊടുക്കാതെയാണ് ഈ വൈറസ് അതിവേഗം വ്യാപരിക്കുന്നത്. ഈ മഹാമാരിയുടെ മുൻപിൽ പകച്ചു നിൽക്കുന്നു ശാസ്ത്രലോകം. ശാസ്ത്രപരമായും സാമ്പത്തികപരമായും ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ലോക പോലീസായ അമേരിക്കപോലും മറ്റ് രാഷ്ട്രങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. ഓരോ ദിവസവും കരളലിയിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സംഹാരദൂതന്റെ തലോടലേറ്റു വിട വാങ്ങുന്നവരുടെ എണ്ണം ദിനം പ്രതി കൂടുന്ന ഒരു കാലഘട്ടം. ശാസ്ത്രവും ലോകവും സ്തംഭിച്ച് നിൽക്കുമ്പോൾ ദൈവത്തിന്റെ അത്യന്തശക്തി നമ്മോടു കൂടെയുണ്ട് എന്നുള്ള ചിന്തയോടെയും പ്രാർത്ഥനയോടെയും പ്രതീക്ഷയിലും പ്രത്യാശയിലും കഴിയുവാനേ മനുഷ്യന് കഴിയു.

കേരള ഗവൺമെൻറിന്റെ പ്രവർത്തനങ്ങൾക്ക് ക്നാനായ സമുദായം പൂർണ്ണ പിന്തുണയും അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തുകൾ എഴുതിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരം covid-19 വൈറസിനെതിരെ പട പൊരുതുന്ന ആതുരസേവനക്കാരെ അനുമോദിക്കുവാൻ കൈകൊട്ടുന്ന സമുദായ മെത്രാപ്പോലീത്തായുടെ ദൃശ്യങ്ങൾ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വന്നത് സമുദായത്തെ സംബന്ധിച്ച് ഒരു അംഗീകാരമാണ്.

ഇത്തരുണത്തിൽ നമുക്ക് ചെയ്യാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ലോക രാജ്യങ്ങൾക്കുവേണ്ടിയും ലോക ജനതയ്ക്കുവേണ്ടിയും സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുക എന്നതാണ്. സാമൂഹ്യ വ്യാപനം തടയാൻ സർക്കാർ എടുത്തിരിക്കുന്ന നടപടികളിൽ ആരാധനാ സ്വാതന്ത്ര്യത്തിന് വിലക്കില്ല, ആൾക്കാർ കൂടുന്നതിന് മാത്രമേ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളു. നമ്മുടെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, പല രാജ്യത്തും ആരാധനാലയങ്ങൾ അടച്ചിടുന്ന സ്ഥിതി ഉണ്ടെങ്കിലും ഇവിടുത്തെ ആരാധനാലയങ്ങളുടെ മേധാവികൾ തന്നെ ആ കാര്യം തീരുമാനിക്കട്ടെ എന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്. ആരാധനാലയങ്ങളിൽ അതുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തികൊള്ളട്ടെ ജനപങ്കാളിത്തം പരിമിതമാകണം എന്നും പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക് നമ്മുടെ ദേവാലയങ്ങളിൽ പുരോഹിതന് വി. കുർബാനയോ മറ്റു പ്രാർത്ഥനകളോ നടത്തുന്നതിന് യാതൊരു തടസ്സവുമില്ല. ഒന്നാം നൂറ്റാണ്ടിൽ ശ്ലീഹന്മാർ സെഹിയോൻ മാളികയിൽ വാതിൽ അടച്ചിട്ടാണ് ആരാധന നടത്തിയത്. അക്കാലത്ത് യഹൂദന്മാരുടെയും പുറജാതികളുടെയും പീഡനങ്ങൾ നിമിത്തം പരസ്യമായി ബലിയർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ ധാരാളം സംഭവങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ പറയുന്നുണ്ട്. അപ്പോസ്തോല പ്രവർത്തി: 5 ന്റെ 20 മുതൽ വായിക്കുമ്പോൾ അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം.

സ്തേഫാനോസ് സഹദാ ഉൾപ്പെടെ അപ്പോസ്തോലന്മാർ രക്തസാക്ഷികളായി. ആദിമ നൂറ്റാണ്ടുകളിൽ തബലിത്താ പലക ചരടിൽ കഴുത്തിൽ കെട്ടിയിട്ടുകൊണ്ട് ബലിയർപ്പിച്ച ചരിത്രങ്ങളുണ്ട്. ഏതാണ്ട് നാലാം നൂറ്റാണ്ടിലാണ് കുസ്തന്തിനോസ് രാജാവ് ക്രിസ്ത്യാനികളെ അംഗീകരിച്ചതും പരസ്യമായി പള്ളി വയ്ക്കുന്നതിനും ആരാധന നടത്തുന്നതിനും അനുവാദം ലഭിച്ചതും. ഇങ്ങനെ പീഡനങ്ങളുടെ കാലഘട്ടത്തിലും ബലിയർപ്പിച്ചിരുന്നു. വീട്ടിൽ സഭ ഉണ്ടായിരുന്നുവെന്ന് പരി. പൗലോസ് ശ്ലീഹാ എഴുതിയ ലേഖനത്തിൽ പറയുന്നു. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം 53 മുതലുള്ള വേദഭാഗങ്ങളിൽ വിശുദ്ധ കുർബാനയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങളുടെയുള്ളിൽ ജീവനില്ല എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. ശിഷ്യന്മാരുടെ പിന്തുടർച്ചക്കാരായ പുരോഹിതന്മാർ ഈ പ്രതിസന്ധിഘട്ടത്തിൽ ദിവ്യബലി അർപ്പിക്കണം. എന്നാൽ അഞ്ചുപേരിൽ കൂടുതൽ സംബന്ധിക്കുവാൻ പാടില്ല. ഇടവക ജനത്തിന് ഓൺലൈനിൽക്കൂടി അവരവരുടെ ഭവനത്തിലിരുന്ന് ഇടവക പള്ളിയിലെ ആരാധനയിൽ സംബന്ധിക്കുവാൻ കഴിയും. വൈദികർക്ക് പരസ്പരധാരണയോടുകൂടി അവരവരുടെ ഭവനങ്ങൾക്ക് അടുത്തുള്ള സൗകര്യപ്രദമായ ദേവാലയങ്ങളിൽ സമുദായ മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ വി. കുർബാന അർപ്പിക്കാവുന്നതാണ്. ഒരു വൈദികനും വി. ബലിയിൽ സംബന്ധിക്കാതിരിക്കുന്നത് നമ്മുടെ വിശ്വാസത്തിന് യോജിച്ചതല്ല. എല്ലാവരും അതിൽ സ,ഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ അപ്രേം സെമിനാരിയിലെ അസോസിയേഷൻ ഹാളിലെ മദ്ബഹയിൽ ഇപ്പോൾ എല്ലാ ഞായറാഴ്ചകളിലും

വിശുദ്ധ കുർബാനയർപ്പിക്കുന്നുണ്ട്. ഓരോ ആഴ്ചയിലും വലിയ ജനപങ്കാളിത്തം വർദ്ധിച്ചു വന്നിരുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ ജനപങ്കാളിത്തം ഓൺലൈൻ ആക്കണമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു. അപ്രേം സെമിനാരിയിലെ വിശുദ്ധ കുർബാന തടസ്സം കൂടാതെ നടത്തികൊണ്ടുപോകുന്നതിനുവേണ്ടി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്. രാവിലെ ആറുമണിക്ക് തുടങ്ങി ഏഴരയ്ക്ക് അവസാനിക്കുന്ന രീതിയിലാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. ഭാവിയിൽ സെമിനാരി കോമ്പൗണ്ടിൽ സമുദായം വക ഒരു ചാപ്പൽ പണിത് സൗകര്യപ്രദമായി ആരാധന സ്ഥിരമായി നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

കൂടാതെ ഈ മഹാദുരിതത്തിൽ നമ്മുടെ സമുദായ അംഗങ്ങളെയും അതുപോലെ ഇതര ജനവിഭാഗങ്ങൾക്കും താങ്ങും തണലുമായി നിന്ന് സഹായിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. അതിനുള്ള പ്രവർത്തനങ്ങൾ ക്നാനായ കമ്മിറ്റി ആരംഭിച്ചുകഴിഞ്ഞു. ഗവൺമെന്റിന്റെ കർശന നിയന്ത്രണങ്ങൾക്ക് അയവ് വരുമ്പോൾ കഷ്ടതയനുഭവിക്കുന്ന ആളുകളുടെ പ്രദേശങ്ങളിൽ നേരിട്ട് ചെന്ന് ഗവൺമെന്റുമായി സഹകരിച്ച് സമുദായ മെത്രാപ്പോലീത്തായുടെ ദുരിതാശ്വാസഫണ്ട് ഉപയോഗിച്ച് അർഹതയുള്ളവർക്ക് സഹായങ്ങൾ ചെയ്യുന്നതാണ്.

ഈ മഹാവ്യാധി ലോകത്തുനിന്നും മാറിപോകുന്നതിന് ഒറ്റക്കെട്ടായി നമ്മുടെ ജനങ്ങൾ ഈ നോമ്പിന്റെ കാലയളവിൽ എല്ലാ വൈരാഗ്യവും വാശിയും വെടിഞ്ഞ് ഒന്നിച്ചുനിന്ന് മാനസാന്തരപ്പെട്ട് ദൈവത്തോട് പ്രാർത്ഥിക്കുവാൻ എല്ലാ സമുദായ അംഗങ്ങളോടും വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി

**സമുദായ സെക്രട്ടറി**

**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**

**കവിത**

# നീ ഒന്നുമല്ല

**പുളിങ്കുന്ന് ലൂക്കാ**

നീ എത്ര ഔചിത്യം കാട്ടി നടന്നാലും
നിന്നിലെ അഹന്തകൾ നിനക്കെന്നും വിനായ്കകൾ
നീ എന്താണെന്ന് നീ അറിഞ്ഞോ?
നീയൊന്നുമല്ല നിനക്കൊന്നുമില്ല.
നീ കാണും ജീവിതം മിഥ്യയാണ്
മിഥ്യതൻ ലോകത്തെ സ്വപ്നമാണ്
സ്വപ്നത്തിൽ മയങ്ങാതെ സ്നേഹത്തിൽ വസിക്കൂ
സ്വാർത്ഥത കൈവിട്ടു ആത്മാർപ്പണം ചെയ്യു.
നിൻ മുമ്പിൽ ഇരിക്കുന്ന ആ കൊച്ചു മൺകുടം
നിനക്കായ്ത്തീർക്കുന്നു ചിതാഭസ്മ വ്യൂഹം
ആ കഥയറിയാതെ പിന്നെ ഒന്നും ഉരിയാതെ
പോകുന്നു പണത്തിന്റെ പന്ഥാവിലങ്ങനെ
പണവും പ്രതാപവും നൽകില്ല ഊഴിയിൽ
ശാശ്വത സൗഖ്യം ഓർക്കുക മാനവ
നിന്റെ ആ മോഹങ്ങൾ ക്ഷണ ഭംഗുരങ്ങൾ
നിന്നോട് ചൊല്ലുന്നു നീ പോലുമറിയാതെ
എന്നിട്ടും പോകുന്നു ജഡത്തിനു പിന്നാലെ
കാമാഗ്നി പൂണ്ടു കാമസ്വരൂപനായി
ഇനിയൊന്ന് ഉണരൂ
ഇനിയെങ്കിലും ഉണരൂ
മർത്യവേഷം ചാർത്തുന്ന സ്നേഹമായി.



ഡോ. സുനിൽ ഡി. കുരുവിള

# കരിയർ തെരഞ്ഞെടുക്കുമ്പോൾ

**''A career is often composed of the jobs held, titles earned and work accomplished over a long period of time, rather than just referring to one position.''**

സമഗ്രമായ തൊഴിൽ - വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം അഭികാമ്യമായ ഒരു പ്രക്രിയയായി ഇന്ന് അനിവാര്യമായി മാറിക്കഴിഞ്ഞു. തൊഴിലില്ലായ്മയാണ് ഇന്ന് രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അഭ്യസ്തവിദ്യരായ യുവത ഏറ്റവും കൂടുതലുള്ള നമ്മുടെ കൊച്ചു കേരളത്തിന് ഈ കാര്യത്തിൽ വലിയ കരുതൽ കൂടിയേത്തീരൂ.

മക്കളെ ആരാക്കണം എന്ന കാര്യത്തിൽ മിക്ക മാതാപിതാക്കളും ആശങ്കയിലാണ്. കുട്ടികളും ഏതുവഴിക്ക് തിരിയണമെന്നറിയാതെ ബുദ്ധിമുട്ടുന്നു. ഡോക്ടർ - എഞ്ചിനീയറിന് അപ്പുറത്തേക്ക് ചിന്തിക്കാൻ പോലും കഴിയാത്ത അനേകർ .


പലരും ചോദിക്കുന്ന ഒരു ചോദ്യം - എന്തിനാണ് Scope എന്നാണ്. പലപ്പോഴും നമ്മൾ നമ്മുടെ കഴിവുകളെയും, താലന്തുകളെയും തിരിച്ചറിയാൻ ശ്രമിക്കുന്നില്ല. അതിവേഗം മാറികൊണ്ടിരിക്കുന്ന ലോകത്ത് Scope എന്നും ഒരുപോലെ നിലനിൽക്കില്ല. ഇന്ന് Scope ഉള്ളത് അഞ്ചുകൊല്ലം കഴിയുമ്പോൾ ഒരു Scope ഉം ഇല്ലാത്ത മേഖലയായേക്കാം. നമുക്ക് കഴിവുള്ളതും ഇഷ്ടപ്പെടുന്നതുമായ രംഗത്ത് എത്താൻ പറ്റിയാൽ ഏറ്റവും അഭികാമ്യം. പണത്തേക്കാളും പദവിയേക്കാളും നിങ്ങൾക്ക് സന്തോഷവും ഇഷ്ടവും പ്രധാനം ചെയ്യാൻ കഴിയുന്ന രംഗത്ത് എത്താൻ കഴിഞ്ഞാൽ ജീവിതം കൂടുതൽ ആസ്വാദ്യകരവും അർത്ഥവത്തുമാകും, സംശയമില്ല.

പഠിക്കാൻ മിടുക്കുള്ളതുകൊണ്ട് മാത്രം ഒരാൾ ഡോക്ടർ ആവേണ്ടതില്ല. അത്തരമൊരു കർമ്മമേഖല ആസ്വദിക്കാനും ആ മേഖലയിൽ ഉയർന്ന സംഭാവന നൽകാനും കഴിയുന്നവർ ആ രംഗത്ത് വരട്ടെ. ഇന്ന് പലരും ഡോക്ടറാകാൻ ശ്രമിച്ച് രോഗിയായി തീരുന്നു! താല്പര്യവും അഭിരുചിയും വ്യക്തിത്വവും, അദ്ധ്വാനവും സമ്മേളിക്കുമ്പോൾ മാത്രമേ നമ്മൾ ഒരു രംഗത്ത് വിജയിക്കുകയുള്ളൂ. അതുകൊണ്ട് കരിയർ മേഖല തെരഞ്ഞെടുക്കുമ്പോൾ ആദ്യം നമ്മൾ നമ്മളെ തന്നെ തിരിച്ചറിയാനും ആഴത്തിൽ മനസ്സിലാക്കാനും ശ്രമിക്കണം. Scope അല്ല പ്രധാനം.

Logistic ന് ഭയങ്കര ഡിമാന്റ് ആണ്.

Air hostess ന്റെ കാര്യം പിന്നെ പറയണ്ട.

Fire and Safety കഴിഞ്ഞ് എല്ലാവരും ഗൾഫിൽ പോകു



ന്നു.

പണം വാരുന്നു ...

കേൾക്കാൻ എത്ര സുഖമുള്ള പരസ്യങ്ങൾ !

നിങ്ങളുടെ ഭാവി നിങ്ങളുടെ കൈയ്യിൽ സുരക്ഷിതമായിരിക്കട്ടെ. വലിയ പരസ്യങ്ങൾ കണ്ട് ചതിയിൽ വീഴാതിരിക്കാം. മിന്നുന്നതെല്ലാം പൊന്നല്ല. പരസ്യം കണ്ട് മാത്രം ഒന്നിന്റെയും പുറകെ ഇറങ്ങി ഓടരുത്.

സൗജന്യ എൻട്രൻസ് സെമിനാർ, മോഡൽ എൻട്രൻസ് ടെസ്റ്റ്, വിദേശ പഠന സെമിനാർ, കരിയർ എക്സിബിഷൻ എന്നൊക്കെ പറഞ്ഞ് കച്ചവടക്കാരും മാധ്യമങ്ങളും സംഘടിച്ച് രംഗത്തു വരാറുണ്ട്. രക്ഷിതാക്കളും കുട്ടികളും വളരെ ശ്രദ്ധിക്കുക. ലോകത്തൊന്നും സൗജന്യമല്ല. അവരുടെ ആവശ്യം കച്ചവടമാണ്. നിങ്ങളുടെ ആവശ്യം നിങ്ങളുടെ ജീവിതവും ഭാവിയും ആണ്.

സ്വയം കഴിവുകൾ തിരിച്ചറിഞ്ഞ് എല്ലാം നന്നായി മനസ്സിലാക്കി മാത്രം തീരുമാനം എടുക്കണം. നല്ല കോഴ്സ് പോലെ തന്നെ പ്രധാനമാണ് നല്ല കോളേജിൽ പഠിക്കുകയെന്നത്. അവനവന്റെ കഴിവിലും വ്യക്തിത്വത്തിലും ഊന്നിവേണം ചിന്തിക്കാൻ. തീരുമാനം ആരെടുത്തു എന്നതിനെക്കാളും, അറിഞ്ഞാണോ എടുത്തത് എന്നതാണ് പ്രധാനം.

എഞ്ചിനീയറിംഗ് പഠിക്കാൻ പോകുന്നതിന് മുൻപ് കണക്കും, ഫിസിക്സും ഒക്കെ നന്നായി പഠിക്കാനും, ആസ്വദിക്കാനും കഴിയുന്നുണ്ടോ എന്ന് ചിന്തിക്കണം. ഏതു ബ്രാഞ്ച് പഠിക്കണം എന്നുള്ളതൊക്കെ അഭിരുചി നോക്കി വേണം തീരുമാനിക്കാൻ. മികച്ച സ്ഥാപനങ്ങളിൽ പഠിച്ചാൽ മാത്രമേ മികച്ച ഭാവി ഉണ്ടാവുകയുള്ളൂ.

CA ക്ക് ചേരാനാണോ ആഗ്രഹം? വിദേശ അക്കൗണ്ടിങ്ങ് കോഴ്സുകൾ നല്ലതാണോ? ACCA പോലുള്ള വിദേശ കോഴ്സുകൾക്കൊക്കെ അതിന്റേതായ പരിമിതികൾ ഉണ്ട്. കണക്കിന് നല്ല കഴിവുള്ളവരും നന്നായി അദ്ധ്വാനിക്കാൻ മനസ്സുള്ളവരുമാണ് CA ക്ക് ചേരേണ്ടത്. പരീക്ഷ ആദ്യമൊക്കെ ഒന്ന് തോൽക്കാൻ ക്ഷമയുള്ളവരും ആയിരിക്കണം. Cost accounting, Company secretary ഒക്കെ നല്ല കരിയർ തരുന്ന മേഖലകൾ ആണ്. നിയമം, ഹോട്ടൽ/ഹോസ്പിറ്റാലിറ്റി ഒക്കെ അഭിരുചിയുള്ളവർക്ക് നല്ല ഭാവി തരുന്ന മേഖലകൾ ആണ്. ബേസിക്ക് സയൻസ് മേഖലയിൽ ഒക്കെ പഠിച്ച് നല്ല കരിയർ ആസൂത്രണം ചെയ്യാൻ സാധിക്കും.

തോറ്റ എഞ്ചിനീയറിനെക്കാളും നല്ലത് വിജയിച്ച പ്ലംബറും, ഇലക്ട്രീഷനും ഒക്കെയാണ് എന്ന് തിരിച്ചറിയാം. എല്ലാവരും പ്രൊഫഷണൽ കോളേജ്/കോഴ്സിലേക്ക് പോകണമെന്നില്ല. പ്രൊഫഷണൽ കോഴ്സുകൾ എല്ലാം നല്ല ജോലി തരണമെന്നില്ല. പാരാമെഡിക്കൽ കോഴ്സുകൾ ചിലതെങ്കിലും പാരയായി മാറാറുണ്ട്. ആർട്സ് & സയൻസ് കോളേജുകളിൽ പഠിച്ചവർക്കും നല്ല കരിയർ നേടാൻ കഴിയും.

അന്യസംസ്ഥാനത്തും, അന്യരാജ്യത്തുമൊക്കെ പഠിക്കാൻ പോകുന്നതിനുമുൻപ് നന്നായി കാര്യങ്ങൾ മനസ്സിലാക്കുക. ഫോറിൻ എല്ലാം നല്ലതല്ല.

ജോലിസാദ്ധ്യത മാത്രമല്ല ജോലി ചെയ്യേണ്ടത് നമ്മളാണെന്നുകൂടി തിരിച്ചറിഞ്ഞുവേണം മേഖല തീരുമാനിക്കാൻ.

''Find out what you like doing best and get someone to pay you for doing it''.

കുട്ടികൾക്ക് 9-ാം ക്ലാസ് മുതൽ കരിയർ മാർഗ്ഗനിർദേശങ്ങൾ നൽകേണ്ടതുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയാനും ആരാകണം എന്ന് മനസ്സിലാക്കാനും ഇത് സഹായിക്കും. മാതാപിതാക്കൾക്കും ഗൈഡൻസ് അനിവാര്യമാണ്.

സൈക്കോളജി, ഫോറൻസിക് സയൻസ്, ഏവിയേഷൻ ഫാം ഡി മുതലായ കോഴ്സുകൾ കണ്ണുമടച്ച് പോയി ചേരേണ്ടതില്ല. ജേർണലിസം, ബയോടെക്നോളജി, ആസ്ട്രോ ഫിസിക്സ് പോലുള്ള കോഴ്സുകൾ ബിരുദ തലത്തിൽ തന്നെ പഠിക്കണമെന്നില്ല. ബിരുദത്തിനുശേഷം സ്പെഷ്യലൈസ് ചെയ്യുന്നതാണ് അഭികാമ്യം. ഇഷ്ടപ്പെട്ട വിഷയം എടുത്ത് ബിരുദം പഠിക്കാം. കലാ, കായിക, സാമൂഹിക, രാഷ്ട്രീയ രംഗത്തൊക്കെ മികച്ച കരിയർ കണ്ടെത്താൻ സാധിക്കും. Entrepreneurship, start -up ഒക്കെ വളരെയധികം പ്രോത്സാഹനം ലഭിക്കുന്ന കാലമാണ്. നല്ല ആസൂത്രണവും തയ്യാറെടുപ്പും വേണം എന്നുമാത്രം. പ്രിന്റിംഗ്, ഫോട്ടോഗ്രാഫി, മൾട്ടിമീഡിയ, കുക്കിംഗ്, ടൈലറിംഗ്, പോളിടെക്നിക്, ബ്യൂട്ടീഷ്യൻ അങ്ങനെ സമൂഹത്തിന് വേണ്ടതെല്ലാം പഠിക്കാം .... അഭിരുചിയുണ്ടെങ്കിൽ.

Mechanical/ Technical, ITI trade പഠിച്ചവർക്ക് നല്ല സാദ്ധ്യതയുണ്ട്. നല്ല വ്യക്തിത്വ വികസനം, അറിവ്, നേതൃത്വ പാടവം ആശയവിനിമയശേഷി ഇവ നമ്മെ ഏത് കരിയർ രംഗത്തും കൂടുതൽ ഉയരങ്ങളിൽ എത്തിക്കും. അച്ചടക്കവും, അദ്ധ്വാനശീലവും, ആത്മവിശ്വാസവും ഉയർന്നു നിൽക്കട്ടെ.

Airline/ IATA course കൾ, Air hostess course കൾ ഒക്കെ നല്ല നിലവാരം ഉള്ളതായിരിക്കണം. Air hostess പലരും സാരിക്കടയിലാണ് ജോലി ചെയ്യുന്നത്.

Civil service എല്ലാവർക്കും ചേരുന്ന മേഖല അല്ല. സ്കൂൾ പഠനകാലത്തുതന്നെ കോച്ചിംഗിനും പോകണ്ട. വൈജ്ഞാനിക - വ്യക്തിത്വ വികസനം ആദ്യം നടക്കട്ടെ. നന്നായി പത്രമാസികകൾ വായിക്കാനും, ചരിത്ര - ആനുകാലിക അറിവ് വർദ്ധിപ്പിക്കാനും ശ്രമിക്കുക.

കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ഡിഫൻസ് മേഖലയിൽ ഒക്കെ നല്ല കരിയർ നേടിയെടുക്കാൻ സാധിക്കും. ഈ മേഖലയിലെ പരീക്ഷകളെക്കുറിച്ചൊക്കെ നന്നായി മനസ്സിലാക്കി തയ്യാറെടുക്കുക. പൊതുവിജ്ഞാനം, കണക്ക്, ഇംഗ്ലീഷ് ഒക്കെ നന്നായി പരിശീലിക്കണം.

ആകർഷകമായ പേരിട്ടു വരുന്ന പല കോഴ്സുകളും ഗുണമേന്മയുള്ളതാവണമെന്നില്ല. വലിയ ലോൺ എടുത്ത് പഠിക്കാൻ പോകുന്നതൊക്കെ സൂക്ഷിക്കണം. വിദേശത്ത് മെഡിസിൻ പഠിക്കാൻ പോകുമ്പോൾ ഭാവിയും, ജോലി സാദ്ധ്യതയും ഒക്കെ നന്നായി ആലോചിച്ച് പോവുക. പലർക്കും വലിയ നഷ്ടങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. Google ൽ എല്ലാം ഉണ്ട് എന്ന് കരുതേണ്ട; അറിവ് അല്ല മനസ്സിലാക്കലാണ് പ്രധാനം.

Never stop fighting until you arrive at your destined place- that is, the unique you.

Have an aim in life, continuously acquire knowledge,work hard and have perseverance to realise the great life''.

മികച്ച കരിയർ ഗൈഡൻസ് രാജ്യ നിർമ്മാണ പ്രവർത്തനം തന്നെയാണ്. മികച്ച മാനവവിഭവ ശേഷി വികസനം ഒരു mission ആയി തന്നെ ഏറ്റെടുക്കാം. എല്ലാവർക്കും മികച്ച കരിയറും ജീവിതവിജയവും ആശംസിക്കുന്നു.

# മൂഴിയിൽ വെരി. റവ. എം. സി. സാമുവേൽ കോറെപ്പിസ്ക്കോപ്പാ അനുസ്മരണം

ഫാ. എ. റ്റി. തോമസ് കോറെപ്പിസ്ക്കോപ്പാ

മൂഴിയിൽ വന്ദ്യനായ എം.സി.സാമുവേൽ കോറെപ്പിസ്ക്കോപ്പാ, നമ്മിൽ നിന്നും വേർപിരിഞ്ഞത് 2012 ജൂൺ 6–ാം തീയതിയാണ്. വന്ദ്യനായ അച്ചനെ ക്നാനായ സമുദായത്തിന് വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. കാലം ചെയ്ത പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്താ ശെമ്മാശപട്ടവും, കശ്ശീശാപട്ടവും, കോറെപ്പിസ്ക്കോപ്പാ സ്ഥാനവും നല്കി. റാന്നി വലിയപള്ളിയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളായ സെന്റ് തോമസ് ഹൈസ്കൂൾ, എം. എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായും, കരിങ്കുറ്റി സെന്റ് തോമസ് യു. പി. സ്കൂളിൽ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചതിലൂടെ ഒരു വലിയ ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു.

ഐത്തല സെന്റ് കുറിയാക്കോസ്, റാന്നി വലിയപള്ളി എന്നീ ഇടവകകളിലും, റാന്നിയിലുള്ള മറ്റു പള്ളികളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ക്നാനായ സമുദായത്തിലെ നിരവധി പള്ളികളിലും, യാക്കോബായ സഭാ വിഭാഗങ്ങളിലെ വടക്കൻ മേഖലകളിലുള്ള പല പള്ളികളിലും സുവിശേഷ പ്രാസംഗികനായും പ്രവർത്തിച്ചു വന്നിരുന്നു. റാന്നിയിലെ കൺവൻഷൻ പ്രാസംഗികനായി വന്നുചേർന്നു പ്രവർത്തിച്ച, ഇപ്പോഴത്തെ നമ്മുടെ ശ്രേഷ്ഠ കാതോലിക്കാ ബാവ തിരുമേനിയെ തന്റെ ഭവനത്തിലേക്ക് സ്വാഗതം ചെയ്യുകയും താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്ദ്യനായ അച്ചന്റെ ശബ്ദ ഗാംഭീര്യത്താൽ പൊതുയോഗങ്ങളും, മറ്റു യോഗങ്ങളും അച്ചടക്കം പാലിക്കുന്നതിന് ബഹു. അച്ചന് സ്വാധീനം ഉണ്ടായിരുന്നു.



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യനായ കിഴക്കിന്റെ വലിയമെത്രാപ്പോലീത്താ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്താ തിരുമേനിയോട് സ്നേഹവും, ആദരവും, വിശ്വസ്തതയും വന്ദ്യനായ അച്ചൻ കാട്ടിയിരുന്നു. സമുദായത്തിന്റെ ആഭ്യന്തര വിഷയങ്ങളിലുള്ള വിഷമ സന്ദർഭങ്ങളിൽ മെത്രാപ്പോലീത്തായോട് ചേർന്നു നിന്നുകൊണ്ട് സമുദായ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ചെറിയവരേയും, വലിയവരേയും ഒരേ കുടക്കീഴിൽ ഒരുമിച്ചുനിർത്തി, തന്റെ വ്യക്തിപ്രഭാവംകൊണ്ട് പ്രശ്നങ്ങൾ പറഞ്ഞു പരിഹരിച്ച് കൈകൊടുത്ത് കൊണ്ടുപോകുവാനുള്ള അനിതര സാധാരണമായ കഴിവ് ഈ വന്ദ്യപുരോഹിതനുണ്ടായിരുന്നു.

ഐത്തല പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ, ചെറുകുളഞ്ഞി എന്ന സ്ഥലത്ത് സൺഡേസ്കൂൾ നടത്തുന്നതിനുവേണ്ടി ഒരു കെട്ടിടം പണികഴിപ്പിച്ചിരുന്നു. ഈ കെട്ടിടം പുതുക്കി പണികഴിപ്പിച്ച് പിന്നീട് പള്ളിയായി രൂപപ്പെടുത്തി. അതു പൊളിച്ച് പുതുക്കിപ്പണിത് ഇപ്പോഴുള്ള ചെറുകുളഞ്ഞിപള്ളി പണിത് ഭംഗിയാക്കി. ഐത്തല പള്ളിക്കുവേണ്ടി പാരീഷ്ഹാൾ പണി കഴിപ്പിച്ചു. പള്ളിക്കുവേണ്ടി ധ്യാനകേന്ദ്രം പണിയുന്നതിന് അദ്ധ്വാനിച്ചു. ധ്യാനകേന്ദ്രത്തിന്റെ ഒരുനില പണിതു തീർക്കുന്നത് കാണുവാൻ അച്ചന് ഭാഗ്യം ലഭിച്ചു.

രഹസ്യപ്രാർത്ഥനയ്ക്ക് അച്ചൻ സമയം കണ്ടെത്തി ദൈവവുമായി ബന്ധം പുലർത്തിയിരുന്നു. ഐത്തല നിവാസികളുടെ ഹൃദയത്തിൽ അച്ചനെക്കുറിച്ചുള്ള നല്ല സ്മരണകൾ ഇന്നും നിലനിൽക്കുന്നുണ്ട്. അദ്ദേഹം ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റായും, സുവിശേഷസമാജ പ്രസിഡന്റായും, വൈദിക ട്രസ്റ്റിയായും, വൈദികയോഗം സെക്രട്ടറിയായും, വൈദിക കൗൺസിൽ അംഗമായും, മിഷൻ ഡയറക്ടറായും അതുല്യമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. റാന്നി മേഖല ആസ്ഥാന നിർമ്മാണത്തിന്റെ രക്ഷാധികാരിയായും പ്രവർത്തിച്ചിരുന്നു. നേതൃത്വപാഠവമുള്ള വികാരി, സമുദായ സ്നേഹി, റാന്നി നിവാസികളെ സ്നേഹിച്ച ഒരു മഹത്വ്യക്തി എന്നീ നിലകളിൽ അച്ചനെ മറക്കുവാൻ സാദ്ധ്യമല്ല. പല വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനും ലീഡർഷിപ്പ് ട്രെയിനിംഗ് കരസ്ഥമാക്കുവാനും സാധിച്ചിട്ടുണ്ട്. നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ നിറസാന്നിദ്ധ്യമായി ജീവിതാവസാനം വരെ അദ്ദേഹം ഉണ്ടായിരുന്നു. റാന്നി ക്നാനായ കൺവൻഷൻ, സുവിശേഷ സമാജം, സ്ത്രീസമാജം തുടങ്ങിയ നിരവധി പ്രസ്ഥാനങ്ങൾക്ക് നല്ല നേതൃത്വം നൽകിയിട്ടുണ്ട്. അനേകം യുവാക്കന്മാരെ ഡൽഹിയിലേക്ക് അയച്ച് ഉന്നത വിദ്യാഭ്യാസം ചെയ്യിപ്പിക്കുവാൻ അച്ചൻ തന്റെ സ്വാധീനം ഉപയോഗിച്ചു. ഡൽഹി ഇൻഗ്രഹാം ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം ലഭിച്ചവർക്ക് പഠിക്കുവാൻ സാധിച്ചു. ലോകപ്രസിദ്ധ സുവിശേഷകനായ വും ബ്രാൻഡിനെ റാന്നിയിലേക്ക് ക്ഷണിച്ചു വരുത്തുകയും കൺവൻഷൻ നടത്തുകയും ചെയ്തു.

വന്ദ്യനായ അച്ചന് ദൈവികമായ നൽവരത്തിൽ കൂടിയും, അദ്ധ്യാപക സേവനത്തിൽ നിന്നും, സാമൂഹ്യ പ്രവർത്തനത്തിൽ കൂടിയും, ജന്മനാ ലഭിച്ച ശബ്ദ ഗാംഭീര്യത്തിൽ കൂടിയും ലഭിച്ച എല്ലാ നന്മകളും ജനത്തിന് നല്കി, 2012 ജൂൺമാസം 6–ാം തീയതി ഇഹലോകവാസം വെടിഞ്ഞു. വന്ദ്യനായ മൂഴിയിൽ എം.സി. സാമുവേൽ കോറെപ്പിസ്ക്കോപ്പാ അച്ചന് എല്ലാ ആദരാഞ്ജലികളും അർപ്പിക്കുന്നു. അച്ചന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.



കഴിഞ്ഞ ലക്കം തുടർച്ച

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

"അച്ചോ ഇന്നത്തെ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലെയും ധ്യാനകേന്ദ്രങ്ങളിലെയും പ്രാർത്ഥനാശൈലി ദൈവത്തിൽ നിന്നും അനുഗ്രഹങ്ങളെ പിടിച്ചു വാങ്ങുന്നതാണെന്ന് തോന്നിപ്പോകും" റ്റിജോ പറഞ്ഞു.

"റ്റിജോ നീ മദ്ബഹായിൽ ശുശ്രൂഷിക്കുന്നവനല്ലെ. നിനക്ക് ദൈവസാന്നിദ്ധ്യം എങ്ങനെയാണ് ബോദ്ധ്യപ്പെടുന്നത്. ദൈവം അങ്ങ് സ്വർഗ്ഗത്തിലും നീ ഇവിടെ ഭൂമിയിലുമാണെന്ന അകൽച്ച നിനക്ക് തോന്നാറുണ്ടോ?" അച്ചൻ ചോദിച്ചു.

"ഇല്ലച്ചോ ഒരിക്കലും അങ്ങനെ തോന്നിയിട്ടില്ല. ദൈവസാന്നിദ്ധ്യം വി. മദ്ബഹായിൽ ഞാൻ അനുഭവിക്കുന്നുണ്ട്" റ്റിജോ പറഞ്ഞു.

എങ്കിൽ റ്റിജോ പറയു എപ്പോഴെങ്കിലും പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയെങ്കിലേ ഞാൻ സമ്മതിക്കുവെന്ന് വാശി പിടിച്ചിട്ടുണ്ടോ?

"ഇല്ലച്ചോ. അങ്ങനെ തോന്നിയിട്ടില്ല" റ്റിജോ പറഞ്ഞു.

"അതാണ് സത്യം. ദൈവകൃപയിൽ നിന്നുകൊണ്ട് പ്രാർത്ഥിക്കുന്ന വ്യക്തി പിടിച്ചുവാങ്ങുവാൻ ശ്രമിക്കില്ല. പ്രത്യുത ദൈവഹിതമെങ്കിൽ നൽകണമെന്നേ പ്രാർത്ഥിക്കൂ.

മാത്രമല്ല ആഗ്രഹിക്കുന്നത് നടന്നില്ലെങ്കിലും സങ്കടങ്ങൾ സഹിക്കുവാനുള്ള കൃപയ്ക്കായിട്ട് പ്രാർത്ഥിക്കണം. പൗലോസിനോട് പറഞ്ഞതുപോലെ "എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" (2.കൊരി.12:9). തന്റെ ശരീരത്തിലെ ശൂലം മാറ്റിത്തരുവാൻ പ്രാർത്ഥിച്ചപ്പോൾ അതവിടെ ഇരുന്നുകൊള്ളട്ടെ. അത് എന്റെ ഇഷ്ടമാണ് എന്നാണ് കർത്താവ് പൗലോസ് ശ്ലീഹായോട് പറഞ്ഞത്. കർത്താവിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതു നമ്മുടെ ദോഷത്തിനല്ല, ക്ഷേമത്തിനായിട്ടുതന്നെയാണ്. ഈ ബോദ്ധ്യം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകണം.

"അച്ചോ, കാനോനിക നമസ്ക്കാരം കഴിഞ്ഞാൽ വ്യക്തിപരമായ ധ്യാനം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ശരിയായ ധാരണയുണ്ടെന്ന് കരുതുന്നില്ല. അതിനാൽ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് അച്ചൻ പറയണം" രജനിയാണ് ചോദിച്ചത്.

വി. കുർബ്ബാനയിലും നമസ്ക്കാരങ്ങളിലും സ്തുതിയും സ്തോത്രവും നിറഞ്ഞുനിൽക്കുന്നതായി കാണാം. നമ്മുടെ എല്ലാ പ്രാർത്ഥനകളിലും സ്തുതിപ്പ് നിറഞ്ഞു നിൽക്കുന്നു. സ്തുതിയും സ്തോത്രവും അടങ്ങിയിരിക്കുന്ന സങ്കീർത്തനങ്ങൾ നാം ആരാധനയിൽ ഉപയോഗിക്കുന്നതിനാൽ സ്തുതിക്ക് യോഗ്യനായ കർത്താവിനെയാണ് നാം ആരാധിക്കുന്നത്. നമ്മുടെ പ്രാർത്ഥനകൾ സ്തുതിയിൽ ആരംഭിച്ച് സ്തുതിയിൽ അവസാനിക്കണം.

### 2. Repentance (അനുതാപം)

മാനസാന്തരവും പാപമോചനവും അടങ്ങിയിരിക്കുന്ന പ്രാർത്ഥനയാണ് ദൈവം കൈക്കൊള്ളുന്നത്. "തന്റെ ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞപേക്ഷിക്കുന്നവനോ കരുണയുണ്ടാകും" (സദൃ.28:13). നമ്മുടെ അകൃത്യങ്ങളെയും പാപങ്ങളെയും അവൻ അറിയുന്നതിനാൽ അവന്റെ മുൻപിൽ ഒന്നും മറവായിരിക്കുന്നില്ല. ഏറ്റു പറയുന്നുവെങ്കിൽ അവൻ ക്ഷമിക്കും; മറച്ചുവയ്ക്കുന്നുവെങ്കിൽ ശിക്ഷാർഹനായിത്തീരും. "വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവീൻ (യോവേൽ 2:13). അനുതാപ ഹൃദയത്തോടെയുള്ള പ്രാർത്ഥന ദൈവം കേട്ട് നമ്മുടെ തെറ്റുകളെ ക്ഷമിക്കും. വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തോടുകൂടിയുള്ള പ്രാർത്ഥനയാണ് ദൈവം സ്വീകരിക്കുന്നത്. ആ വിശുദ്ധി പ്രാപിക്കുവാൻ മാനസാന്തരം ആവശ്യമാണ്.

പലരും അഭിമുഖീകരിക്കുന്ന പ്രശ്നമാണിത്. എങ്ങനെ പ്രാർത്ഥിക്കണമെന്നതിനെക്കുറിച്ച് ശരിയായ ധാരണയില്ല. നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുമോ? പ്രാർത്ഥന ശരിയായില്ലെങ്കിൽ ഉത്തരം ലഭിക്കുമോ? എന്റെ പ്രാർത്ഥന ദൈവകോപത്തിന് കാരണമാകുമോ? എന്നിങ്ങനെ അനേകം സംശയങ്ങൾ.

**ശരിയായ പ്രാർത്ഥനയിൽ നാല് ഘടകങ്ങളുണ്ട്**

Pray എന്ന ഇംഗ്ലീഷ് വാക്കാണ് പ്രാർത്ഥന എന്നതിനുപയോഗിക്കുന്നത്. ഓരോ അക്ഷരവും പ്രാർത്ഥനയുടെ ഓരോ ഘടകങ്ങളെ കുറിക്കുന്നു.

P - praise

r - repentance

a- ask, application

y - yield means surrender

**സ്തുതിയും സ്തോത്രവും**
**(Praise and thanks giving)**

ദൈവമക്കൾക്ക് ദൈവത്തെ എത്ര സ്തുതിച്ചാലും മതിവരികയില്ല. നമ്മുടെ എല്ലാ പ്രാർത്ഥനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടാണ്. ദൈവപൈതലിന് ദൈവത്തെ സ്തുതിക്കുന്നത് ആനന്ദമാണ്. "എൻ മനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമെ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക; എൻ മനമേ യഹോവയെ വാഴ്ത്തുക" (സങ്കീ.103:1). അപ്രകാരം തന്നെ നന്ദി കരേറ്റുന്നവരുമായിരിക്കണം. ദൈവം ചെയ്ത ഉപകാരങ്ങളെയോർത്ത് നന്ദിയോടെ ദൈവത്തെ മഹത്വപ്പെടുത്തണം. ●

പ്രിയരെ,

ക്നാനായദീപം പ്രിന്റു ചെയ്യുന്ന ദൈനംദിന ചിലവുകൾ വർദ്ധിക്കുന്നതിനാൽ 2020 ജനുവരി ഒന്നുമുതൽ ക്നാനായ ദീപത്തിന്റെ വരിസംഖ്യയും, പരസ്യചാർജുകളും ചെറിയതോതിൽ വർദ്ധിപ്പിക്കുകയാണ്. പുതുക്കിയ പരസ്യനിരക്കുകൾ ചുവടെ ചേർക്കുന്നു.

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**




## കോവിഡ് നിരീക്ഷണത്തിലുള്ളവർക്ക് ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു

റാന്നി: കോവിഡ് 19 സ്ഥിരീകരിച്ച മേഖലയിലെ നൂറോളം കുടുംബങ്ങൾക്ക് ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ പച്ചക്കറിയും പാലും വിതരണം ചെയ്തു. ജയിമോൻ മേപ്പുറത്ത്, കൊച്ചുമോൻ ഒറ്റത്തൈക്കൽ, ബിബിൻ കല്ലംപറമ്പിൽ, സെറിൻ പള്ളത്ര എന്നിവർ ചേർന്ന് സാധനങ്ങൾ പഞ്ചായത്തംഗം ബോബി ഏബ്രഹാമിന് കൈമാറി. അദ്ദേഹമാണ് വിതരണം നടത്തിയത്.



# കോവിഡ് അവധിക്കാലം ആഹ്ലാദകരമാക്കാം

സ്മിജു ജേക്കബ് മറ്റക്കാട്ട്
(പരിശീലകൻ & പ്ലസ്ടു അദ്ധ്യാപകൻ)



മനുഷ്യസമൂഹത്തിലെ ഏറ്റവും ജീവസുറ്റ വിഭാഗമാണ് കുട്ടികൾ. സ്കൂളുകളിലും കലാലയങ്ങളിലും പഠിക്കുന്ന പഠിതാക്കളായ ഇവർക്കെല്ലാം ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാലമാണ്. എന്തിനുവേണ്ടിയാണ് അവധി? നിരന്തരം പ്രവർത്തിക്കുന്ന എന്തിനും യന്ത്രങ്ങൾക്കുപോലും കൃത്യമായ ഇടവേളകളിൽ വിശ്രമം ആവശ്യമാണ്. ജീവിതത്തിലും ഇതിനുവേണ്ടി തന്നെയാണ് രാത്രിയും പകലും ഉള്ളത്. രാത്രിയിലെ ഉറക്കം പകലിന്റെ ജോലിക്കുവേണ്ടിയുള്ള ഊർജ്ജസമ്പാദനത്തിനുവേണ്ടിയാണ്. കർമ്മരംഗം സജീവമാക്കാൻ വിശ്രമം അഥവാ അവധി ആവശ്യമാണ്. വിദ്യാർത്ഥികൾക്ക് ഒരു ദിവസത്തിൽ ചില പിരീഡുകളും, ആഴ്ചയിൽ രണ്ട് ദിനങ്ങളും, വർഷത്തിൽ രണ്ട് മാസവും അവധിയായി നിർണ്ണയിച്ചിരിക്കുന്നത് പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായി തീർക്കുവാൻ വേണ്ടിയാണ്. എന്നാൽ ഈ കോവിഡ് അവധിക്കാലം രണ്ടുമാസം വീട്ടിൽത്തന്നെ അടങ്ങിയിരിക്കുവാൻ കുട്ടികൾക്ക് ബുദ്ധിമുട്ടാണല്ലോ. അതിനാൽ വിദ്യാഭ്യാസരംഗത്തെ ക്രിയാത്മകമായ മാറ്റങ്ങളെ ഉൾക്കൊണ്ടും ഈ വർഷത്തെ കൊറോണ രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിലും എങ്ങനെ അവധിക്കാലം ബോറടി മാറ്റി പ്രയോജനപ്രദമാക്കാം എന്നതിനുതകുന്ന ചില നിർദ്ദേശങ്ങൾ പങ്കുവെയ്ക്കുന്നു.

**ആദ്യം സ്വയം തീരമാനിക്കാം**

ആദ്യം അവധിക്കാലം വെറുതെ കളയാനുള്ളതല്ല വിനിയോഗിക്കാനുള്ളതാണെന്ന് തിരിച്ചറിയുക. ലോകത്ത് എന്തു സംഭവിച്ചാലും ഒരു കൂസലുമില്ലാതെ മുഴുവൻ സമയവും ടി.വി. മിനിസ്ക്രീനിന്റെ മുമ്പിൽ കഴിച്ചുകൂട്ടുകയും, മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും തടവറയിൽ കഴിഞ്ഞുകൂടുന്നതിനും മാത്രമായി ഈ അവധിക്കാലം മാറിക്കൂടാ എന്ന് കുട്ടികളും മാതാപിതാക്കളും സ്വയം തീരുമാനമെടുക്കുക എന്നതാണ് ഒന്നാമത്തേത്.

**ഇഷ്ടമുള്ളതെല്ലാം വായിക്കാം പ്രാർത്ഥിക്കാം...**

അവധിക്കാലം ദിവസം ഒരു മണിക്കൂറെങ്കിലും വായനയ്ക്കായി സമയം നീക്കിവെയ്ക്കണം. വിവര സാങ്കേതിക വിദ്യ എത്ര ഉയർന്നാലും വായന എന്നത് അനുഭൂതിദായകവും വിജ്ഞാനദായകവും മനോവിശാലത നൽകുന്നതുമാണ്. വായന ഭാഷാശുദ്ധിക്കും സംസാരശുദ്ധിക്കും ചിന്താശേഷി വർദ്ധിപ്പിക്കുന്നതിനും നല്ലതാണ്. ഈ അവധിക്കാലത്ത് നമ്മുടെ മുറിയിലെ അലമാരയുടെ ഒരു ഭാഗം ലൈബ്രറിയാക്കി മാറ്റാം. ലോക പ്രസിദ്ധമായ നോവലുകൾ, കഥകൾ, കവിതകൾ ഇങ്ങനെ ഇഷ്ടമുള്ളതെല്ലാം തെരഞ്ഞെടുത്ത് വായിക്കാൻ പല സൈറ്റുകളിലും പുസ്തകങ്ങളുടെ പി.ഡി.എഫ് ലഭ്യമാണ്. Wikipedia.org എന്ന വെബ്സൈറ്റിൽ കയറി വിക്കിഗ്രന്ഥശാലയെടുത്താൽ പഴയകാല സാഹിത്യങ്ങൾ തുടങ്ങിയ മറ്റു മലയാള പുസ്തകങ്ങളും ലഭ്യമാണ്.

മാറിവരുന്ന സാംസ്കാരിക തകർച്ചകൾക്കിടയിൽ സത്യവിശ്വാസികളുടെ കുട്ടികൾ ഗൗരവപൂർണ്ണമായി കണക്കിലെടുക്കേണ്ടതായ ഒന്നാണ് രാവിലെയും വൈകിട്ടും പ്രാർത്ഥനയ്ക്കായി സമയം നീക്കിവെയ്ക്കുക എന്നുള്ളത്. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്. രാവിലെ പത്ത് മിനിറ്റ് വി. വേദപുസ്തകം വായിച്ച് തുടങ്ങട്ടെ അവരുടെ അവധിക്കാലദിനങ്ങൾ. അത് അനുസരണത്തിനും ജ്ഞാനത്തിനും സദാചാരമൂല്യസമ്പാദനത്തിനും ഇട നൽകും.




**കൃഷിത്തോട്ടമുണ്ടാക്കാം**

വീടിന്റെ മുകളിലെ ടെറസിലോ, ബാൽക്കണിയിലോ, അടുക്കള ഭാഗത്തുമെല്ലാമായി ചെറിയൊരു കൃഷിത്തോട്ടമുണ്ടാക്കാം. വീട്ടാവശ്യത്തിനുവേണ്ട തക്കാളി, വെണ്ട, വഴുതന, പയർ, മുളക് തുടങ്ങിയവ നട്ട് വളർത്തി അവയെ എല്ലാ ദിവസങ്ങളിലും പരിപാലിച്ച് വീട്ടിലേക്കുവേണ്ട പച്ചക്കറികൾ ലഭ്യമാക്കാം. സ്ഥലസൗകര്യമനുസരിച്ച് വീട്ടിൽ ചെറിയ പൂന്തോട്ടം നിർമ്മിക്കുന്നതിനും രക്ഷിതാക്കൾ കുട്ടികൾക്ക് പിന്തുണ നൽകാം. ഇൻഡോർ ചെടികൾ മുറിക്കുള്ളിൽ വളർത്തി മനോഹരമാക്കാം.

**വ്യായാമം പ്രാധാന്യം**

അവധിക്കാലം തീർച്ചയായും കളിച്ചുനടക്കേണ്ട കാലമാണെന്നതിൽ സംശയമില്ല. പക്ഷെ കോവിഡ് വ്യാപനത്തിന്റെയും സൂര്യാഘാതത്തിന്റെയും സമയമായ ഈ അവധിക്കാലത്ത് കൂടുതൽ സമയം പുറത്തിറങ്ങിയുള്ള കളികൾ അപകടങ്ങൾ ക്ഷണിച്ചുവരുത്തും. ആയതിനാൽ ബുദ്ധിവികസനത്തിന് ഉതകുന്ന ചെസ്സ്, സുഡോക്കോ, കാരംസ്, അന്താക്ഷരി, ചീട്ടുകളി തുടങ്ങിയ കളികളിൽ സമയബന്ധിതമായി ഏർപ്പെടാം. വായുസഞ്ചാരമുള്ള മുറിക്കുള്ളിലിരുന്ന് ആവശ്യമായ വ്യായാമങ്ങളും യോഗയുമൊക്കെ ചെയ്യാം.



**ആർട്ട് ആക്ടിവിറ്റികൾ ആകാം**

ആർട്ട് ആന്റ് ക്രാഫ്റ്റ്, ആഭരണനിർമ്മാണം, പെയിന്റിംഗ്, ഒറിഗാമി, ഫാബ്രിക്ക് വർക്ക്, എംബ്രോയിഡറി, തയ്യൽ തുടങ്ങിയ താല്പര്യമുള്ള കാര്യങ്ങൾ വീട്ടിൽത്തന്നെയിരുന്ന് പരിശീലിക്കാൻ ഇന്റർനെറ്റ് സൈറ്റുകളെ പ്രയോജനപ്പെടുത്താം. അവധിക്കാലത്ത് മനോഹരമായ തുണിസഞ്ചികൾ നിർമ്മിച്ച് മാതാപിതാക്കൾക്ക് നൽകാം.

മനസ്സിനെ ശാന്തവും ഉല്ലാസവും ആക്കാൻ പാട്ട് കേൾക്കുകയും വരികൾ എഴുതി പരിശീലിക്കുകയും ആവാം. പഴങ്ങളും പച്ചക്കറികളും ഉപയോഗിച്ചുള്ള സൗന്ദര്യവസ്തുക്കൾക്കും പ്രയോഗങ്ങൾക്കും കുട്ടികൾക്ക് അവസരം നൽകാം.

**പാചകവും ഗൃഹജോലികളും ചെയ്യാം**

കുട്ടികളുടെ ഭാവിജീവിതത്തിന് അടുക്കും ചിട്ടയും ലഭിക്കുവാൻ ശുചിത്വ പരിശീലനത്തിനും ഗൃഹജോലികൾക്കും പ്രാധാന്യം നൽകണം. മുറ്റം അടിക്കുക, പാത്രം കഴുകുക, മുറികൾ വൃത്തിയാക്കുക, അവരവരുടെ തുണികൾ കഴുകുക, കിടക്ക വിരിക്കുക തുടങ്ങിയ ചെറിയ വീട്ടുജോലികൾ ചെയ്യുന്ന കുട്ടികൾക്ക് അനാവശ്യങ്ങൾക്ക് നേരമുണ്ടാവില്ല. ഒരു ചായയെങ്കിലും ഉണ്ടാക്കുവാൻ കുട്ടികൾ പഠിക്കണം. യുട്യൂബിലും പാചക മാസികകളിലും നോക്കിയാൽ ഇഷ്ടം പോലെ റെസിപ്പികൾ ലഭിക്കും. കട്ട്ലറ്റ് പോലുള്ള ലഘുവിഭവങ്ങൾ ഉണ്ടാക്കി തുടങ്ങാം. ഓരോ ദിവസവും ഓരോന്നായി



പരീക്ഷിക്കാം. വീട്ടിലുള്ള എല്ലാവരും ചേർന്ന് ഒരു ദിവസം കുടുംബസദ്യയുണ്ടാക്കാം. ഭക്ഷണം തയ്യാറാക്കുന്നതും വിളമ്പുന്നതും പാത്രം കഴുകുന്നതും അടക്കമുള്ള ജോലികൾ വീതിച്ചെടുക്കാം. പാചകവിഭവങ്ങൾ, ജ്യൂസുകൾ തുടങ്ങിയവ നിർമ്മിക്കുവാനും അവയുടെ ഡയറി എഴുതി സൂക്ഷിക്കുവാനും പെൺകുട്ടികൾക്ക് മാതാപിതാക്കൾ നിർദ്ദേശം നൽകണം. പ്രായമുള്ളവരുണ്ടെങ്കിൽ അവരുടെ ഓർമ്മകളിലെ പഴയകാല നാടൻ വിഭവങ്ങൾ ചോദിച്ചറിഞ്ഞ് വീട്ടിൽ ഉണ്ടാക്കാം ഈ അവധിക്കാലത്ത്.

**ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാം**

വൈകുന്നേരങ്ങളിൽ മാതാപിതാക്കൾ ജോലിത്തിരക്കുകൾ കഴിഞ്ഞ് കുട്ടികളുമായി ഒന്നിച്ചിരുന്ന് അവർക്കൊപ്പം കളിക്കാനും സംസാരിക്കാനും ടി. വി. കാണാനും അവരുടെ ചെറിയ ഇഷ്ടങ്ങൾ മനസ്സിലാക്കാനും സമയം കണ്ടെത്തുന്നത് കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കും. പിന്നീട് പലപ്പോഴും കൗമാരപ്രായത്തിൽ ഉണ്ടാകാവുന്ന പല പ്രശ്നങ്ങളും അപകടങ്ങളും മാതാപിതാക്കളോട് തുറന്നു പറയുവാനുള്ള ആത്മവിശ്വാസം ലഭിക്കും. അവധിക്കാലത്ത് പ്രധാനമായിരുന്ന ബന്ധുവീടുകൾ സന്ദർശനം, യാത്രപോകൽ, കൂട്ടുകൂടൽ തുടങ്ങിയവയ്ക്ക് ഈ വർഷം നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഇവരെയെല്ലാം ഫോൺ വഴി സുഖവിവരങ്ങൾ അന്വേഷിക്കാം. സ്പീക്കർ ഫോണിലിട്ടും വേണമെങ്കിൽ വീഡിയോകോളിലിട്ടും സകുടുംബം വേണം സംസാരിക്കാൻ. വീട്ടിലെ പഴയ ആൽബങ്ങൾ എടുത്ത് ബന്ധുക്കളെ ഓർത്തെടുക്കാൻ കുട്ടികളെ സഹായിക്കാം. ഇതെല്ലാം അവധിക്കാലം വിരസമാകാതിരിക്കാനും രസകരമായ ഒട്ടേറെ കാര്യങ്ങൾ കണ്ടും കേട്ടും മനസ്സിലാക്കാനുപകരിക്കും.



**സിനിമകൾ കാണാം**

തിയറ്ററുകൾ അടച്ചിട്ടെങ്കിലും സിനിമകൾ കാണാനുള്ള അവസരങ്ങൾ ധാരാളം ഇപ്പോഴുമുണ്ട്. ലോകത്തിലെ മികച്ച സിനിമകൾ, ഓസ്കാർ നോമിനേഷൻ ലഭിച്ച സിനിമകൾ തുടങ്ങിയവ കണ്ട് അഭിപ്രായങ്ങളും കഥാസംഗ്രഹവും എഴുതി സിനിമാ ഡയറികൾ സൂക്ഷിക്കാം. ആയത് ചിന്താശേഷിക്കും ഭാഷാപഠനത്തിനും സഹായകരമാകും. നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം തുടങ്ങിയവയിൽ ഒരു മാസത്തേക്ക് സൗജന്യമായി സിനിമകൾ കാണാം.

**അല്പം സീരിയസുമാകാം**

വാർഷിക പരീക്ഷയുടെ അവസാനനാൾ വൈകുന്നേരം കൈവിട്ട പുസ്തകങ്ങൾ പുതുവർഷപ്പുലരിയിൽ വീണ്ടും എടുക്കുന്ന രീതിയും അത്തരത്തിലുള്ള അവധി സങ്കൽപ്പങ്ങളും മാറിക്കഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ അവധിക്കാലത്ത് അല്പം പഠനവും ആകാം. കൈയ്യെഴുത്ത്, ഗ്രാമർ, കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകാം. അവധിക്കാല ദിനങ്ങളിൽ എല്ലാ ദിവസവും ഡയറി എഴുതിക്കുവാൻ ശീലിപ്പിക്കണം. കുട്ടികളുടെ രസകരമായ സംഭവങ്ങൾ, സ്വാധീനിച്ച വ്യക്തികൾ, ഏറ്റവും പ്രിയപ്പെട്ട ഓർമ്മകൾ തുടങ്ങിയവ എഴുതിവെയ്ക്കുവാനും പങ്കുവെയ്ക്കുവാനും പറയുക. ശുഭചിന്തകൾ ശബ്ദസന്ദേശമായി റിക്കാർഡ് ചെയ്ത് പ്രിയപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ആകാം. ഇവയെല്ലാം കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ആകണം.

ഒരിക്കലും തിരിച്ചുവരാത്ത അതിഥിയാണ് സമയം എന്നോർത്ത് ഇത്തരം കാര്യങ്ങളെ ഉൾപ്പെടുത്തി അവധിക്കാലം കുട്ടികൾക്ക് ആഹ്ലാദകരമാക്കി മാറ്റുക. ●

**കോവിഡ് - 19 പരാജയപ്പെടുത്തുന്നതിനായി**
**എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കൂ...**
**കൂട്ടായ സംരംഭം ഒഴിവാക്കൂ...**
**കഴിവതും അകലം പാലിക്കുക...**

# ഒന്നു പുഞ്ചിരിക്കൂ

സി.ഐ. ചാക്കോ

മൃഗങ്ങൾക്കില്ലാത്തതും മനുഷ്യർക്കുള്ളതുമായ ഒരു വലിയ വരസമ്പത്താണ് ചിരിക്കാനുള്ള കഴിവ്. ചിരിയില്ലാത്ത ഒരു ലോകം ഒന്നു സങ്കല്പിച്ചു നോക്കുക. അത് എത്ര വിരസവും വികാര ശൂന്യവുമായിരിക്കും. ചിരിയിൽ ആരോഗ്യവും സമ്പത്തും സന്തോഷവും ഉൾക്കൊള്ളുന്നു. ഒരു ശിശുവിന്റെ മുഖത്തു വിരിയുന്ന പുഞ്ചിരിയിൽ ആരാണ് നിർവൃതിയടയാത്തത്. ആ പുഞ്ചിരി വേഡ്സ്വർത്തിന്റെ ഭാഷയിൽ പറഞ്ഞാൽ സ്വർഗ്ഗീയമാണ്; സ്വർഗ്ഗത്തിൽ നിന്ന് വന്നതിന്റെ അടയാളമാണ്. നാം വളർന്ന് പ്രായമാകുന്തോറും ചിരി വിരളമാകുന്നു. ചിലരുടെ ജീവിതത്തിൽ അത് തീരെ ഇല്ലാതാകുന്നു.

ഫോട്ടോ എടുക്കുന്നതിനുമുമ്പ് എല്ലാ ക്യാമറാക്കാരും നൽകുന്ന ഒരു നിർദ്ദേശമാണ് ഒന്നു പുഞ്ചിരിക്കൂ (smile please) എന്തുകൊണ്ടാണ് ആ നിർദ്ദേശം? സ്ഥായിയായി പതിയുന്ന ഒരു ചിത്രമാണ് അതിൽ പതിയുന്നത്. അതിൽ ദുർമുഖനായോ കരിമുഖനായോ ഇരിക്കാതെ കാണുമ്പോഴൊക്കെ സന്തോഷവും കുളിർമ്മയും പകരാൻ തക്കവണ്ണം പുഞ്ചിരി വിടരുന്ന മുഖം ഉണ്ടാകുവാനാണ്. നാം എല്ലാം ഇഷ്ടപ്പെടുന്നതു പുഞ്ചിരിക്കുന്ന മുഖമാണ്. പക്ഷേ അത് ദുർലഭമായിട്ടേ സാധ്യമാകുന്നുള്ളു എന്നു മാത്രം.


പുഞ്ചിരി പ്രസന്നത പരത്തുന്നു. നിരാശയുടെ സ്ഥാനത്ത് പ്രത്യാശ വരുത്തുന്നു. ഒരു ചൊല്ലുണ്ട്. “നിങ്ങൾ ചിരിക്കുമ്പോൾ ലോകം മുഴുവൻ നിങ്ങളോടൊത്തു ചിരിക്കും. നിങ്ങൾ കരയുമ്പോൾ, നിങ്ങൾ മാത്രമായി പോകും.”

ചിരിയും പുഞ്ചിരിയും പല തരത്തിൽപെടാം. സദ്വികാരങ്ങളെ വെളിപ്പെടുത്തുന്നതിനെന്നപോലെ അധമവികാരങ്ങളുടെ ബഹിർസ്ഫുരണത്തിനും ചിരി ഉപയോഗപ്പെടുത്തുന്നു. റോമാ നഗരം വെന്തെരിഞ്ഞപ്പോൾ നീറോ ചിരിച്ചത് അധമ വികാരത്തിൽനിന്ന് ഉയർന്നതാണ്. നാട്ടിൽ ഒരു ചൊല്ലുണ്ട്, പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കുമെന്ന്. ആ ചിരി അതിനു ദുരന്തം നേരിട്ടതിലുള്ള സന്തോഷം വെളിപ്പെടുത്തുന്നതാണ്. ഒരാൾ ചെളിയിൽ തെന്നി വീഴുമ്പോൾ കണ്ടുനിൽക്കുന്നവർ ചിരിച്ചുപോകും. അത് വൈരാഗ്യത്തിന്റെയോ വിദ്വേഷത്തിന്റെയോ പ്രതികരണമായിട്ടല്ല, ഒരു ചെറിയ അബദ്ധം പിണഞ്ഞതിലുള്ള നിഷ്കളങ്ക പ്രതികരണമാണ്.

ഒരു എഴുത്തുകാരൻ പറയുന്നത് ഒരു പുഞ്ചിരി ചിലപ്പോൾ പുച്ഛത്തിന്റെയും പരിഹാസത്തിന്റെയും പ്രകടനമാകാം. ചിലപ്പോൾ പരിപാവനവുമാകാം, ഔദ്ധത്യത്തിന്റേയും ധാർഷ്ട്യത്തിന്റേതുമാകാം. നമ്മുടെ അധരങ്ങളുടെ ചലനവും എന്തെല്ലാം വ്യത്യസ്ഥ ഭാവങ്ങളെ വെളിപ്പെടുത്തുവാൻ ഉപകരിക്കുന്നു. ഒരു മേധാവി തന്റെ കീഴ് ജീവനക്കാരനോട് ക്ഷുഭിതനായി തട്ടിക്കയറുകയും ശാസനത്തിന്റെ വാക്കുകൾ പറയുകയും ചെയ്യുമ്പോൾ ആ ജീവനക്കാരൻ സ്തബ്ധനായി തീരുന്നു. ഊണും ഉറക്കവും ഇല്ലാതെ ചിലപ്പോൾ അസ്വസ്ഥനായി എന്നുവരാം. എന്നാൽ പിറ്റേ ദിവസം ആ മേധാവി അയാളെ കണ്ടപ്പോൾ ഒന്നു പുഞ്ചിരിച്ചു എന്നിരിക്കട്ടെ അയാൾക്കുണ്ടാകുന്ന ആശ്വാസവും സന്തോഷവും അവർണ്യമായിരിക്കും. ഒരു പുഞ്ചിരിക്ക് എന്തെല്ലാം മാറ്റങ്ങൾ വരുത്താമെന്നുള്ളതിന്റെ ഒരു ഉദാഹരണമാണിത്.

ഭക്ഷണ പാനീയങ്ങൾപോലെ മനുഷ്യജീവിതത്തിന് അനുപേക്ഷണീയ ഘടകമാണ് പുഞ്ചിരിക്കുന്നവരെ. പുഞ്ചിരി നാം ഇഷ്ടപ്പെടുന്നു. മനുഷ്യ ഹൃദയങ്ങളെ പിടിച്ചടക്കാൻ പുഞ്ചിരിക്ക് വലിയ കഴിവുണ്ട്. ഡാവിഞ്ചിയുടെ സുപ്രസിദ്ധ ചിത്രമാണ് മോണാലിസ. കലാമികവുള്ള ആ ചിത്രത്തിന്റെ വലിയ വശ്യത ആ മുഖത്ത് വിരിയുന്ന പുഞ്ചിരിയാണ്. ആ പുഞ്ചിരി എന്താണ് ധ്വനിപ്പിക്കുന്നത് എന്ന് ആർക്കും തന്നെ നിശ്ചയമില്ല. ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരണമായി വ്യാഖ്യാനിക്കുന്നു.

എഴുത്തുകാരനായ ചെസ്റ്റേർട്ടൻ പറയുന്നത് നല്ല



നർമ്മബോധമുള്ള ഒരുവൻ നരകത്തിൽ പോകാനിടയില്ല. ഒരിക്കൽ അസ്സീസിയിലെ പുണ്യവാനായ ഫ്രാൻസിസ് അദ്ദേഹത്തിന്റെ സന്യാസികളിൽ ഒരുവൻ വിഷാദമുഖനായി കാണപ്പെട്ടപ്പോൾ ചോദിച്ചു നീ മരണകരമായ എന്തെങ്കിലും പാപത്തിൽ പെട്ടുപോയോ? നിശ്ചയമായും ഇല്ലാ എന്നായിരുന്നു മറുപടി. എന്നാൽ നീ എന്തുകൊണ്ടാണ് ഇങ്ങനെ ദുഃഖിതനായി കാണുന്നത്? നീ നിന്റെ താടി ഉയർത്തി പുഞ്ചിരിക്കുക. നീ ദൈവത്തിന്റെ കൃപയിൽ കഴിയുന്നു എങ്കിൽ എന്തിനു ഖിന്നനായി കാണപ്പെടുന്നു സഹോദരാ; ഒന്നു ചിരിക്കുക. ഭക്തിയുടെ പരിവേഷം ചാർത്തുന്നവർ പുഞ്ചിരിക്കാൻ മടി കാണിക്കുന്നതിനുള്ള മറുപടിയാണ് വിശുദ്ധനായ ഫ്രാൻസിന്റെ വാക്കുകളിലുള്ളത്.

ചിലർക്ക് ശ്വാസോച്ഛ്വാസംപോലെ സ്വാഭാവികമാണ് പുഞ്ചിരിക്കുക എന്നുള്ളത്. ചിലരാകട്ടെ എപ്പോഴും വരിഞ്ഞു മുറുകിയ മുഖഭാവത്തോടെ നടക്കും. അങ്ങോട്ടു പുഞ്ചിരിച്ചാലും ഗൗനിക്കാതെ ഘനശാലികളായി കടന്നുപോകും. ആ കൂട്ടർ സമൂഹത്തിൽ ഒറ്റപ്പെടുമെന്നുള്ളതിന് സംശയമില്ല. ദൈവം നമുക്ക് തന്നിട്ടുള്ള ഏറ്റവും വലിയ വരദാനം അതു തികഞ്ഞ ആത്മാർത്ഥതയോടും പിശക്കു കൂടാതെയും നാം ഉപയോഗപ്പെടുത്തുമ്പോൾ സൗഹൃദങ്ങൾ വർദ്ധിക്കും, ജീവിതം സന്തോഷപ്രദമാകുകയും ചെയ്യും.

*‘‘മനുഷ്യൻ കുടുംബത്തിലും സമൂഹത്തിലും ചിരിക്കാൻ മറക്കുന്നതുകൊണ്ടണ് ദുരിതങ്ങൾ ഉണ്ടാകുന്നത്.’’*


*വി. മദർ തെരേസ*

# റൂസോ - ഫ്രഞ്ചു വിപ്ലവത്തിന് വിത്തുപാകിയ ദാർശനികൻ

എബി

“മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. എന്നാൽ എങ്ങും അവൻ ചങ്ങലയിലാണ്.” 250 വർഷങ്ങൾക്ക് മുമ്പ് റൂസോ എഴുതിയ ഈ വരികൾ ഇന്നും വളരെ പ്രസക്തമാണ്. ഈ ആധുനിക യുഗത്തിലും വിദ്യാസമ്പന്നരും നമ്മുടെ ജനനായകന്മാരുമെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ ബന്ധനസ്ഥരാണ്. യൂറോപ്പിന്റെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ ഭാഗധേയം തിരുത്തിയെഴുതിയ മഹാനായ ദാർശനികനായിരുന്നു റൂസോ. കണ്ണുനീരിന്റെയും വിയർപ്പിന്റെയും കഥ പറച്ചിലായിരുന്നു റൂസോയുടെ തത്വ ദർശനം.

സ്വിറ്റ്സർലൻഡിലെ ജനീവയിലായിരുന്നു റൂസോയുടെ ജനനം. അദ്ദേഹത്തിന്റെ ശരിയായ പേര് ജീൻ ജാക്കസ് റൂസോ എന്നാണ്. 1712 ജൂൺ 28 ന് ഐസക്ക് റൂസോയുടെയും സൂസന്നെ ബർനാഡിന്റെയും മകനായി ജനിച്ചു. സാമ്പത്തിക ഭദ്രതയുള്ള കുടുംബമായിരുന്നു അവരുടേത്. അമ്മ ബാല്യത്തിൽ തന്നെ മരിച്ചതിനാൽ അച്ഛനാണ് റൂസോയെ വളർത്തിയത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 16-ാം വയസ്സിൽ റൂസോ ജനീവ വിട്ടു. ഫ്രാൻസിൽ പലയിടങ്ങളിലായി സഞ്ചരിച്ചു. യാത്രയ്ക്കിടയിൽ ബാറന്നെസെ-ഡി-പാറൻ എന്ന അഭ്യുദയകാംക്ഷിയെ കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ കീഴിൽ ഫിലോസഫിയിൽ വിദ്യാഭ്യാസം നേടുകയും ചെയ്തു. അതിനുശേഷം 1742 ൽ പാരീസിലെത്തി 1746 മുതൽ ഭാര്യ തെരേസ ലവാസ്യറുമൊത്ത് റൂസോ വിവാഹം കഴിക്കാതെ ഒരുമിച്ച് ജീവിക്കാൻ തുടങ്ങി. 1768 ൽ നിയമപരമായി വിവാഹം കഴിച്ചു. 1778 വരെ ആ ദാമ്പത്യം തുടർന്നു.



യൗവ്വനകാലത്ത് റൂസോ നല്ല ഒരു കലാകാരനായിരുന്നു. സംഗീതം, നാടകം, ഓപ്പറ എന്നിവയിലൂടെയാണ് അദ്ദേഹം തന്റെ പ്രതിഭ തെളിയിച്ചത്. അദ്ദേഹത്തിന്റെ നൃത്തനാടകങ്ങളിൽ തത്വശാസ്ത്രത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും ഒളിമിന്നൽ ദൃശ്യമായിരുന്നു. അറിവിന്റെ ഉണ്മയിലൂടെയാണ് റൂസോയുടെ വിശ്വാസങ്ങൾ ഉറപ്പിക്കപ്പെട്ടത്. മനുഷ്യൻ പ്രകൃത്യാ നല്ലവനാണെന്ന് റൂസോ പ്രഖ്യാപിച്ചു. എന്നാൽ സാമൂഹ്യ നിയന്ത്രണങ്ങളും മത രാഷ്ട്രീയ ചട്ടക്കൂടുകളും അവനെ അടിച്ചമർത്തി ചൂഷണം ചെയ്യുന്നു. അധികാരവും പണവും ഉള്ളവനുമാത്രം അതിന്റെ ഗുണം ലഭിക്കുന്നു. ഈ സ്ഥാപനങ്ങളെ ഉടച്ചെറിഞ്ഞ് പ്രകൃതിയിലേക്ക് മടങ്ങുകയാണ് സമൂഹ നന്മക്കും വ്യക്തിക്ഷേമത്തിനും ആവശ്യമായിട്ടുള്ളതെന്ന് റൂസോ വിശ്വസിച്ചു. സ്ഫോടനാത്മകമായ ഈ ആശയങ്ങൾ ലോകത്തിന് മുന്നിൽ വച്ചു. തന്റെ “Discourse on Arts and Science”എന്ന കൃതിയിലൂടെയാണ് അദ്ദേഹം ഈ സന്ദേശം നൽകിയത്.

1762 ൽ “Social contract” എന്ന കൃതി പ്രസിദ്ധീകരിച്ചു. ഒരു സാമൂഹ്യ ഉടമ്പടിയിലൂടെയാണ് രാഷ്ട്രവും വരേണ്യവർഗ്ഗവും രൂപപ്പെടുന്നത്. ഇവിടെ ജനങ്ങളാണ് സർവ്വാധികാരികൾ എന്ന് റൂസോ പ്രഖ്യാപിച്ചു. ഈ സാമൂഹ്യ ഉടമ്പടി ലംഘിക്കുന്നവരെ പിടിച്ചു പുറത്താക്കാൻ ജനങ്ങൾക്ക് അധികാരമുണ്ട്. ഭരണവർഗ്ഗത്തിന്റെയും മതപുരോഹിതരുടെയും ചൂഷണ നുകത്തിനടിയിലായിരുന്ന സാധാരണ ജനങ്ങൾക്ക് പ്രതീക്ഷയുടെ കൈത്താങ്ങായിരുന്നു റൂസോ. ആ ദർശനങ്ങളാണ് “ഭക്ഷണം തരൂ” എന്ന് ആർത്തലറികൊണ്ട് ഫ്രഞ്ചു ജനത ചക്രവർത്തിയുടെ കൊട്ടാരം വളയാൻ പിൻബലമേകിയത്. ആ സമരമാണ് 1789 ൽ മഹത്തായ ഫ്രഞ്ച് വിപ്ലവമായി മാറിയത്.

Reveries of the Solitary Walker, എമിലി, കൺഫെഷൻ ഇവയാണ് അദ്ദേഹത്തിന്റെ മറ്റു കൃതികൾ. ഈ കൃതികളൊക്കെ 18-ാം നൂറ്റാണ്ടിലെ ഫ്രാൻസിന്റെ ഭാഗധേയത്തെ മാറ്റി മറിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള റൂസോയുടെ ദർശനങ്ങളും യാഥാസ്ഥിതികരെ ഞെട്ടിച്ചു. തകർക്കുവാനുള്ള ജന്മവാസനകളെ നിയന്ത്രിച്ച് നിർമ്മിക്കുവാനുള്ള ബോധത്തെ സൃഷ്ടിക്കുകയാണ് നാം ചെയ്യേണ്ടത്. അതാണ് അറിവ്. രാഷ്ട്രീയ മത ചട്ടകൂടുകളെ അദ്ദേഹം പരിഹസിച്ചു. എന്നാലും പ്രപഞ്ചത്തിന്റെ താളക്രമത്തെ നിയന്ത്രിക്കുന്ന ഒരു ദിവ്യശക്തിയിൽ അദ്ദേഹം വിശ്വസിച്ചു.

റൂസോയുടെ തത്വശാസ്ത്രങ്ങളും ദർശനങ്ങളും വരേണ്യവർഗ്ഗത്തെ ചൊടിപ്പിച്ചു. ‘എമിലി’ എന്ന കൃതി പ്രസിദ്ധീകരിക്കപ്പെട്ടതോടെ എതിർപ്പ് കൂടുതൽ ശക്തമായി. അതിന്റെ ഫലമായി അദ്ദേഹം സ്വിറ്റ്സർലൻഡിലേക്ക് പാലായനം ചെയ്തു. മതാതീക ദൈവികതയുടെ വക്താവായിരുന്ന റൂസോ എഴുതിയ ‘കൺഫെഷൻ’ എന്ന ആത്മകഥ വിശ്വപ്രസിദ്ധമാണ്.

തന്റെ മഹത്തായ ആശയങ്ങളും തത്വജ്ഞാനവും കൊണ്ട് ഫ്രഞ്ചു വിപ്ലവത്തിന് വിത്തു പാകിയ ജീൻ ജാക്വസ് റൂസോ 1778 ൽ മരണത്തിന്റെ തത്വജ്ഞാനത്തിന് കീഴടങ്ങി. 1778 ൽ ജൂലൈ 2 ന് ഫ്രാൻസിലെ എർമെനോ വില്ലയിൽ 66-ാം വയസ്സിൽ ആ അതുല്യ പ്രതിഭ അന്തരിച്ചു. പഴകും തോറും ലഹരികൂടുന്ന വീഞ്ഞുപോലെ റൂസോയുടെ തത്വചിന്തകളും ദർശനങ്ങളും ഇന്നും ലോകത്തിന് ഹരമായിക്കൊണ്ടിരിക്കുന്നു.



# മലർവാടിക്കൂട്ടം

നാട്ടുകാര്യങ്ങൾ സംസാരിച്ചുകൊണ്ട് രണ്ട് സുഹൃത്തുക്കൾ യാത്ര ചെയ്യുകയായിരുന്നു. സമയം സന്ധ്യയാകാറായി.

യാത്രക്കാരിൽ ഒരാൾ പെട്ടെന്നു നിന്നു. വഴിയരികിൽ ഒരു മൺവെട്ടി കിടപ്പുണ്ടായിരുന്നു. ഓടിച്ചെന്ന് അത് എടുത്ത ശേഷം ആഹ്ളാദത്തോടെ പറഞ്ഞു. കണ്ടോ എനിക്ക് ഒരു നല്ല മൺവെട്ടി കിട്ടി. വളരെനാളായി ഇങ്ങനെ ഒരെണ്ണം വാങ്ങാൻ ആഗ്രഹിച്ചു തുടങ്ങിയിട്ട്.

എനിക്ക് എന്നല്ല രണ്ടാമത്തെ ആൾ തിരുത്തി. നമ്മൾ രണ്ടുപേരും ചേർന്നല്ലേ യാത്ര. നമുക്ക് ഒരു മൺവെട്ടി കിട്ടിയത് കണ്ടില്ലേ എന്നാണ് പറയേണ്ടത്.

പിന്നെ അവകാശം പറയാൻ നാണമില്ലേ ഇയാൾക്ക്. സാധനം കണ്ടെടുത്തത് ഞാനാണ് എന്ന ഭാവത്തിൽ വിസമ്മതത്തോടെ തല വെട്ടിച്ചു നടന്നു.

കുറച്ചുദൂരം അവർ നടന്നു. അപ്പോൾ നാലഞ്ചുപേർ എതിരെ വരുന്നതായി കണ്ടു. വഴിയിലെല്ലാം കണ്ണോടിച്ച് എന്തോ അവർ തിരയുന്നുണ്ടായിരുന്നു. രണ്ട് യാത്രക്കാരിൽ ഒരാളുടെ കൈയ്യിലുള്ള മൺവെട്ടിയിലേക്ക് ആരോ വിരൽ ചൂണ്ടി. പിന്നെ പരസ്പരം എന്തോ പറഞ്ഞ് അവർ തിരച്ചിൽ നിർത്തി. അടുത്തേക്ക് വരികയാണ്. അയ്യോ നമ്മൾ കുഴപ്പത്തിലായെന്നു തോന്നുന്നു മൺവെട്ടി കൈവശം വച്ച ആൾ പരിഭ്രമത്തോടെ പറഞ്ഞു. എന്ത് നമ്മളോ? സുഹൃത്ത് ചോദിച്ചു. ഞാൻ കുഴപ്പത്തിലായി എന്നല്ലേ പറയേണ്ടത്. (തനിക്ക് നേട്ടം വരുമ്പോൾ ചിലർ സുഹൃത്തുക്കളെ തള്ളിപ്പറയും, ആപത്തു വരുമ്പോൾ കെട്ടിപിടിച്ചു കരയും.)

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം (1) യിരെമ്യാവ് 1:20**
**(2) വി. മർക്കോസിന്റെ 1:8**

1. വി. വേദപുസ്തകത്തിൽ പഴയ നിയമത്തിലെ ഒരു പ്രവചന ഭാഗവുമായി ആദ്യം തുടങ്ങുന്ന സുവിശേഷം (പുസ്തകം) ഏത്?
2. വസ്ത്രത്തിന്റെ മുനകൊണ്ട് ദൈവം എഴുതിയതായ പാപം ആരുടെയാണ്?
3. പുല്ല് ഇല്ലായ്കയാൽ കുട്ടിയെ ഉപേക്ഷിക്കുന്ന മൃഗം ഏത്?
4. വിശ്വാസികളായ വാങ്ങിപ്പോയവരുടെ ശവസംസ്കാരത്തിനുള്ള ശുശ്രൂഷകൾ എത്ര?
5. ദയറാക്കാരുടെ പ്രത്യേകം പ്രാർത്ഥനയുടെ പേരെന്ത്?
6. പ്രഭാത സ്തുതിപ്പ് എന്നറിയപ്പെടുന്ന പ്രാർത്ഥന ഏത്?
7. വജ്രത്തിന്റെ മുനകൊണ്ടും ഇരുമ്പെഴുത്താണി കൊണ്ടും ദൈവം എഴുതിവച്ചിരിക്കുന്നത് ആരുടെ പാപം ആകുന്നു?
8. യഹോവയുടെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ച പ്രവാചകൻ ആര്?
9. 'ബോവനേർഗ്ഗസ്' എന്ന് യേശു പേരിട്ടതാർക്ക്?
10. 'ജയത്തിന്റ അടയാളവും, ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവും' എന്താകുന്നു എന്നാണ് നമ്മൾ വലിയ നോമ്പിന്റെ സന്ധ്യാ പ്രാർത്ഥനയിൽ ചൊല്ലുന്നത്?

**മാർച്ച് മാസത്തിലെ ഉത്തരങ്ങൾ**

1. വെള്ളം (യെശ. 40:12)
2. മന്നാ.16:18
3. അരിമത്യക്കാരൻ യൗസേഫ് (മത്താ.27:57-60)
4. ഒലിവുമലയിലേക്ക് (മത്താ.26:30)
5. ബഥാന്യായിൽ (മത്താ.21:11)
6. പരീശന്മാരെക്കുറിച്ച് (മത്താ.15:12-14)
7. കോരെശ് രാജാവ് (യെ.45:1)
8. യെശയ്യാവ് 53-ാം അദ്ധ്യായം
9. മദ്യപാനം (യെശ.56:12)
10. മിസ്രയിംകാരെക്കുറിച്ച് (യെശ.40:12)

# മനുഷ്യാവകാശങ്ങൾ

**അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ**

മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട സ്വത്ത് ജീവനാണ്. ജീവിക്കുവാനും സ്വാതന്ത്ര്യം അനുഭവിക്കുവാനുമുള്ള അവകാശം ജന്മസിദ്ധവും അടിസ്ഥാനപരവുമാണ്. എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. അവർക്ക് തുല്യ അവകാശങ്ങളും അന്തസ്സും ഉണ്ട്. എല്ലാ മനുഷ്യരുടെയും അർഹതയായി കരുതുന്ന അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമാണ് മനുഷ്യാവകാശങ്ങളായി കണക്കാക്കുന്നത്. സമൂഹത്തിന്റെ വളർച്ചയ്ക്കൊപ്പം രൂപാന്തരത്തിന് വിധേയമായ പ്രകൃത്യാനുസരണ നിയമങ്ങളാണ് മനുഷ്യാവകാശങ്ങളായി പരിണമിച്ചത്. ദരിദ്രരെയും അഗതികളെയും ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിനെതിരെ ശബ്ദമുയർത്തുന്ന ഗ്രന്ഥമാണ് ബൈബിൾ. യേശുക്രിസ്തു തന്നെ ഇത്തരം ചൂഷണങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്നുണ്ട്. അതുകൊണ്ട് മനുഷ്യാവകാശസംരക്ഷണം ഒരു ക്രിസ്തീയ പ്രമാണം തന്നെയാണ്. എല്ലാ മതഗ്രന്ഥങ്ങളിലും മനുഷ്യാവകാശ വിരുദ്ധതയ്ക്കെതിരെ പ്രതികരിക്കുന്ന നിലപാടുകൾ കാണാം.

വ്യക്തികളുടെ ജീവനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും അന്തസ്സിനുമുള്ള അവകാശങ്ങളെ മനുഷ്യാവകാശങ്ങൾ എന്നു വിളിക്കാം. " മനുഷ്യാവകാശങ്ങൾ എന്നാൽ, ജീവൻ, സ്വാതന്ത്ര്യം സമത്വം, അന്തസ്സ് എന്നിവയെ സംബന്ധിച്ച് ഓരോ മനുഷ്യനും ഭരണഘടന ഉറപ്പുനല്കുന്ന അവകാശങ്ങൾ അഥവാ ഇന്ത്യയിലെ കോടതികൾക്ക് നടപ്പാക്കാവുന്ന അന്താരാഷ്ട്ര കരാറുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അവകാശങ്ങൾ എന്നാണ് 1986-ലെ "മനുഷ്യാവകാശ നിയമ"ത്തിൽ നിർവ്വചിച്ചിരിക്കുന്നത്.

ജീവനും സ്വാതന്ത്ര്യത്തിനുള്ള, ആശയവിനിമയത്തിനുള്ള, നിയമത്തിന്റെ മുമ്പിൽ തുല്യതയ്ക്കുള്ള അവകാശം തുടങ്ങിയ പൗരത്വ രാഷ്ട്രീയ അവകാശങ്ങളും വിദ്യാഭ്യാസത്തിനും, തൊഴിൽ ചെയ്യുവാനും, ഭക്ഷണത്തിനുമുള്ള അവകാശം തുടങ്ങിയ സാമ്പത്തിക സാംസ്കാരിക അവകാശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇത്തരം അവകാശങ്ങൾ സംരക്ഷിച്ചു കിട്ടേണ്ടത് ഓരോ പൗരന്റേയും അവകാശമാണ്.

**മനുഷ്യാവകാശ ചരിത്രം**

മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിന് വളരെ പഴക്കമുണ്ട്. മനുഷ്യന് ജന്മനാ ചില അവകാശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അത് പ്രകൃതിദത്തമാണെന്നുമുള്ള ഒരു തത്വം സിദ്ധാന്തമായി പ്രചരിച്ചത് 17-ഉം 18-ഉം നൂറ്റാണ്ടുകളിലാണ്. ഇംഗ്ലണ്ടിലെ ജോൺ രാജാവിന്റെ ദുർഭരണത്തിനും സ്വേച്ഛാധിപത്യത്തിനുമെതിരായി പൗരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി 1615-ൽ തയ്യാറാക്കിയ അവകാശപത്രമാണ് മാഗ്നാകാർട്ടാ. പൗരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള ആദ്യത്തെ പ്രഖ്യാപനമായിരുന്നു ഇത്. നാടുവാഴികൾ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭമായിരുന്നുവെങ്കിലും ദൈവത്തിന്റെ പ്രതിപുരുഷനായ രാജാവിന്റെ സ്വേച്ഛാധിപ



ത്യത്തിനെതിരെ ഉയർന്ന ആദ്യത്തെ വെല്ലുവിളി എന്ന നിലയിൽ ഇതിന് ചരിത്രപരമായ പ്രാധാന്യം ഉണ്ട്. ചരിത്ര പ്രസിദ്ധമായ ഈ രേഖയിൽ ഒപ്പുവെയ്ക്കാൻ രാജാവ് നിർബന്ധിതനായി. മനുഷ്യാവകാശങ്ങളാണ് മാഗ്നാകാർട്ടയിലുള്ളത്. തുടർന്നുണ്ടായ 1628-ലെ *ദി പെറ്റീഷൻ ഓഫ് റൈറ്റ്*, 1689-ലെ *ബിൽ ഓഫ് റൈറ്റ്സ്* എന്നീ രേഖകളും മാഗ്നാകാർട്ടയും ചേർന്നതാണ് ബ്രിട്ടീഷ് ഭരണഘടനയുടെ ബൈബിൾ. ബ്രിട്ടണിലെ നിയമ വ്യവസ്ഥയുടെ അടിത്തറയായ സാമാന്യ നിയമങ്ങളിലും മനുഷ്യാവകാശങ്ങൾ ഉൾപ്പെടും. ഇവയെ മറികടക്കാൻ രാജാവിനോ പാർലമെന്റിനോ അധികാരമില്ല.

തുടർന്ന് അമേരിക്കൻ ഭരണഘടന ഈ *ബിൽ ഓഫ് റൈറ്റ്സ്* (Bill of Rights) ഉൾക്കൊണ്ടുകൊണ്ടാണ് പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭേദഗതികൾ പാസ്സാക്കിയത്. 1776-ൽ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം നടന്നപ്പോൾ മനുഷ്യാവകാശം നിഷേധിക്കുന്ന ഭരണകൂടത്തെ ഇല്ലാതാക്കുവാൻ ജനങ്ങൾക്കുള്ള അവകാശത്തെ അംഗീകരിക്കുകയും എല്ലാ മനുഷ്യരും സമന്മാരാണെന്നും അന്യാധീനപ്പെടുത്തുവാൻ കഴിയാത്ത അവകാശങ്ങൾ ഉള്ളവരാണെന്നും പ്രഖ്യാപിക്കുകയും ചെയ്തു. 1789-ൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയ ഫ്രഞ്ചുവിപ്ലവം മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിലെ പ്രധാന പോരാട്ടമാണ്. രണ്ടു നൂറ്റാണ്ടുകൾക്കുമുമ്പേ മനുഷ്യാവകാശങ്ങൾ ഭരണഘടനാ നിയമത്തിന്റെ ഭാഗമാക്കിത്തീർക്കാൻ പല രാഷ്ട്രങ്ങൾക്കും കഴിഞ്ഞു.

മനുഷ്യന്റെ സ്വാതന്ത്ര്യ ചിന്തയാണ് ഇത്തരം പ്രഖ്യാപനങ്ങളുടെ പിന്നിലുള്ളത്. രണ്ടാം ലോകയുദ്ധം അവസാനിച്ചപ്പോൾ മനുഷ്യാവകാശങ്ങളോടുള്ള ആദരവാകണം സമാധാനത്തിന്റെ അടിത്തറ എന്ന ചിന്ത ലോകവ്യാപകമായി ഉണ്ടായി. ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാന ലക്ഷ്യങ്ങളായി ലോകസമാധാനവും മനുഷ്യാവകാശ സംരക്ഷണവും അംഗീകരിക്കപ്പെട്ടു.

'മനുഷ്യാവകാശങ്ങൾ 'എന്ന പേര് പ്രചാരത്തിൽ വന്നത് ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനം ആരംഭിച്ചതോടെയാണ്. 1948 ഡിസംബർ 10-ന് പാരീസിൽ ചേർന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസഭ (General Assembly) പാസ്സാക്കി അംഗീകരിച്ചതാണ് മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights). മനുഷ്യാവകാശങ്ങളുടെ ആധികാരിക രേഖയാണിത്. സർവ്വവിധ വിഭാഗീയതകൾക്കും അതീതമായി മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുകയും വ്യക്തിവൈശിഷ്ട്യം വിലമതിക്കുകയും ചെയ്യുന്നതാണ് മനുഷ്യാവകാശ പ്രഖ്യാപനം.

**മനുഷ്യാവകാശ ധ്വംസനങ്ങൾ**

മനുഷ്യന് ലഭിക്കേണ്ട അടിസ്ഥാനപരമായ പരിഗണന ലഭിക്കാതെ പോകുന്ന അവസ്ഥയാണ് മനുഷ്യാവകാശ ധ്വംസനമായി കണക്കാക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, തുല്യപരിഗണന എന്നിവ ലഭിക്കാതെ പോകുന്ന അവസ്ഥയും മനുഷ്യാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. കാരുണ്യവും മനുഷ്യത്വവും നിഷേധിച്ച് നടത്തുന്ന ക്രൂരമായ ശാരീരിക മർദ്ദനവും മൂന്നാംമുറകളും മാനസിക പീഡനങ്ങളും മനുഷ്യാവകാശ ലംഘനമാണ്. പോലീസ് മർദ്ദനം, ലോക്കപ്പ് മരണം, വെടിവെയ്പ്പ്, തടവുകാരോടുള്ള മനുഷ്യത്വരഹിതമായ പെരുമാറ്റം എന്നിവയും മനുഷ്യാവകാശ ലംഘനമാണ്. ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, തൊഴിൽ എന്നിങ്ങനെ എല്ലാ മേഖലകളിലും മനുഷ്യന് അന്തസ്സായി ജീവിക്കുവാനുള്ള അവകാശമുണ്ട്. ഇവ നിഷേധിക്കപ്പെടുമ്പോൾ മനുഷ്യാവകാശ ലംഘനമായിത്തീരും.

യഥാസമയം വൈദ്യസഹായം കൊടുക്കാതിരിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൻ തുക വാങ്ങി നിയമനം നടത്തുക, യഥാർത്ഥ യോഗ്യതയുള്ളവർക്ക് നിയമനം നിഷേധിക്കുക, സ്ത്രീകളെയും പുരുഷന്മാരെയും തുല്യരായി പരിഗണിക്കാതിരിക്കുക, മനുഷ്യനെ വില്ക്കുകയോ അടിമയായി ഉപയോഗിക്കുകയോ ചെയ്യുക, സാധാരണ ജീവിതം ദുസ്സഹമാക്കിത്തീർക്കുക, സ്ത്രീകൾക്കു നേരെയുള്ള വിവേചനപരമായ പെരുമാറ്റം, വ്യക്തികളുടെ സ്വകാര്യജീവിതത്തിൽ അനാവശ്യമായി ഇടപെടുക, ടെലിഫോൺ സംഭാഷണം ചോർത്തുക എന്നിവയെല്ലാം മനുഷ്യാവകാശ ലംഘനങ്ങളാണ്. അതിനാൽ മനുഷ്യന്റെ ജീവനോ, സ്വാതന്ത്ര്യത്തിനോ സമത്വാവകാശത്തിനോ അന്തസ്സിനോ ഭംഗം ഉണ്ടായാൽ മനുഷ്യാവകാശ ലംഘനമായി കണക്കാക്കും.

അഴിമതി മൂലമുള്ള മനുഷ്യാവകാശ ലംഘനങ്ങൾ വളരെ വലുതാണ്. പൗരന്മാരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിനാവശ്യമായ പൊതുമുതൽ ഏതാനും വ്യക്തികളുടെ പോക്കറ്റിലെത്തുന്നതും വ്യക്തിപരമായ ധനസമ്പാദനത്തിൽ ഭരണതലത്തിൽ ഒത്താശ ചെയ്തുകൊടുക്കുന്നതും കടുത്ത മനുഷ്യാവകാശ ലംഘനമാണ്.

മനുഷ്യാവകാശ ധ്വംസനത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ് കോടതികൾ സ്വീകരിക്കുന്നത്. മനുഷ്യാവകാശ സംരക്ഷണം വെറും പ്രസ്താവനകളിൽ ഒതുക്കാവുന്നതല്ല. ഉചിതമായ തീരുമാനങ്ങൾ നീതിപൂർവ്വം നടപ്പാക്കേണ്ട മേഖലയാണിത്. ഇതു സംബന്ധിച്ച് മനുഷ്യസമൂഹത്തിന്റെ ബാധ്യതയെപ്പറ്റി വ്യാപകമായ അവബോധം അനിവാര്യമാണ്.

പാർലമെന്റ് അംഗങ്ങൾക്കും ന്യായാധിപന്മാർക്കും മാത്രമല്ല സമൂഹത്തിന്റെ സമസ്തവിഭാഗങ്ങൾക്കും മനുഷ്യാവകാശ സംരക്ഷണമെന്ന മഹായജ്ഞത്തിൽ പങ്കാളികളാകുവാൻ ബാദ്ധ്യതയുണ്ട്. അതിനാൽ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ സമൂഹ മനഃസാക്ഷി ഉണർത്തുക എന്നതാണ് പൗരധർമ്മം. അതിന് ഒരുമിച്ച് പ്രവർത്തിക്കുവാൻ നാം തയ്യാറാകണം.

**ക്നാനായ ദീപം അറിയിപ്പുകൾ**

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും, ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

**Acc. No. 57004254154**
Knanaya Deepam,
IFSC SBI N 0070128,
SBI, Chingavanam

# ഇങ്ങനെയും ജീവിതം



തിരുവല്ല കടപ്ര സ്വദേശിയായ വിശ്വംഭരൻ (62) തിരുവല്ല താലൂക്കാശുപത്രിയിൽ കഴിഞ്ഞ മൂന്നുമാസമായി ചികിത്സയിലാണ്. കൂടെ കൂട്ടിന് നിന്ന് ശുശ്രൂഷിക്കുന്നത് വൃദ്ധയായ മാതാവ്. അവിവാഹിതനായ ഈ മനുഷ്യൻ വലിയ ഷുഗർ രോഗിയാണ്. രോഗത്തിന്റെ കാഠിന്യത്തിൽ ഏറെ നാളുകൾക്കു മുൻപ് വലതുകാലിന്റെ പാദം മുറിച്ചുമാറ്റിയിരുന്നു. ഇപ്പോൾ ഇവിടെ ഇടതുകാലിന്റെ തള്ളവിരൽ മുറിച്ചുമാറ്റി ചികിത്സയിലാണ്. ഇരു കാലിലും മുറിവുകൾ കെട്ടിവച്ചിരിയ്ക്കുന്നു. നേരത്തെ മുറിച്ച കാലിന്റെ മുറിവും പൂർണ്ണമായി കരിവായിട്ടില്ല. എഴുന്നേറ്റ് നടക്കുവാൻ കഴിയാത്തവിധം വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

കൂടെ നിന്നു ശുശ്രൂഷിക്കുന്ന മാതാവിന് വാർദ്ധക്യത്തിന്റെ അവശത ഏറെയുണ്ട്. ഇടയ്ക്കിടെ സഹോദരി വന്നു നിന്ന് ശുശ്രൂഷയിൽ അമ്മയെ സഹായിക്കും. ആരെങ്കിലും കൂട്ടില്ലാതെ എഴുന്നേല്പ്പിക്കാനോ, ഇരുത്താനോ കഴിയുകയില്ല. വീട്ടിൽ ഈ അമ്മയും മകനും തനിച്ചാണ് വസിച്ചിരുന്നത്. മകൻ ആശുപത്രിയിലായതോടുകൂടി ജീവിതത്തിന്റെ എല്ലാ താളവും തെറ്റി. ദൈനംദിന കാര്യങ്ങൾ കഴിച്ചുകൂട്ടുവാൻ ഏറെ പ്രയാസപ്പെടുന്നു. സഹജീവികളുടെ സഹായത്താലാണ് ഇവർ കഴിഞ്ഞുകൂടിയത്. നില്ക്കുവാനോ, ഏറെ സമയം ഇരിക്കുവാനോ കഴിയുന്നില്ല. കിടപ്പുതന്നെയാണ്. അതിനാൽ കൂടെ ആളുവേണം. സുമനസ്സുകളുടെ സഹായം തേടുന്ന ഈ സഹോദരനോട് കരുണ കാണിക്കുക എന്നത് ഏറെ അനിവാര്യമാണ്. സഹജീവിയെ സഹായിക്കുക എന്നതിനെക്കാൾ വലിയ സ്നേഹം വേറെ ഇല്ല. സ്നേഹം വാക്കുകളിൽ പറഞ്ഞു പ്രകടിപ്പിക്കുവാൻ മാത്രമുള്ളതല്ല അതു പ്രവർത്തിയിലും പ്രകടമാക്കേണ്ടതാണ്. അതിന് ജാതിയും, മതവും, വർണ്ണവും നോക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ അവയെല്ലാം മനുഷ്യന്റെ മനോവികാരങ്ങൾ മാത്രമാകുന്നു. അതുകൊണ്ടാണ് സ്വന്തകാര്യങ്ങൾ വരുമ്പോൾ അവയ്ക്കു മാറ്റം വരുത്തുന്നത്.

ഈ സഹോദരന്റെ ദയനീയമായ കിടപ്പും, വാക്കുകളും അതൊന്നും അന്വേഷിക്കുവാൻ അനുവദിച്ചില്ല. ഏറെനേരം അടുത്തു നില്ക്കുവാൻ സാധിക്കുമായിരുന്നില്ല ഞങ്ങൾക്ക്. ഇത്തരം വേദനാജനകമായ ജീവിത അനുഭവങ്ങൾ ആർക്കും ഉണ്ടാകാതിരിക്കട്ടെ എന്നു മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങൾ ഇറങ്ങിപ്പോന്നു. വാർഡിലെ സൗകര്യകുറവുമൂലം വെളിയിലിരുന്ന ആ സഹോദരന്റെ മാതാവ് ഓടിവന്നു. അതു ശരിക്കും നിവർത്തികേടിന്റെയും, നിസ്സഹായതയുടെയും മാതൃകോലമായിരുന്നു. ആ മാതാവ് എന്തോ പ്രതീക്ഷയോടെയാണ് അടുത്തുവന്നത്. പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചു. ആ മാതാവിന്റെ മനസ്സ് മനസ്സിലായ ഞങ്ങൾ ആ അമ്മയെ മറന്നില്ല. പ്രാർത്ഥനാസഹായം ഉറപ്പുനല്കി ആശ്വസിപ്പിക്കുകയും ചെയ്തു.

മറക്കുവാൻ കഴിയാത്ത കാഴ്ചകൾ നമുക്ക് ചുറ്റും ഏറെയുണ്ട്. അവ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവാൻ ദൈവം കഴിവു തന്നിട്ടുള്ളതുപോലെ തന്നെ അവരോടു ചേർന്നു നില്ക്കുവാനും, അവരെ ചേർത്തുപിടിയ്ക്കുവാനുമുള്ള നിയോഗവും ദൈവം നല്കിയിരിക്കുന്നു. അതിന് പര്യാപ്തമായിട്ടുള്ളവ എല്ലാം ദൈവം ദാനമായിട്ടു നല്കിയിട്ടുമുണ്ട്. നാം വിശ്വസിക്കുന്നു സകലവും ദൈവത്തിന്റെ ദാനമാണെന്ന്. അതിൽ നിന്നും നല്ല മനസ്സോടെ നല്കുന്നതെന്തും നമ്മൾക്കായ് നാം സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്ന സാമ്പാദ്യമാണ്. അതു ക്ഷയിച്ചു പോകില്ല. അപഹരിക്കപ്പെടുകയില്ല. ചിതലും പുഴുവും അരിക്കയില്ലയെന്നുള്ളതാണ് പ്രധാനം. അത് ആത്മാവിന്റെ രക്ഷയ്ക്കുള്ള സ്ഥിര നിക്ഷേപമായിരിക്കും. ജീവനുവേണ്ടിയുള്ള നിക്ഷേപം തന്നെ. ഇഹലോകത്തിലെ ഏതു നിക്ഷേപവും ശരീരത്തിനു വേണ്ടിയുള്ളതായിരിക്കും. അവ ശരീരംപോലെ തന്നെ നശ്വരമാണ്. അപഹരിക്കപ്പെടുന്നതും, ചിതലും പുഴുവും കെടുത്തികളയുന്നതുമാണ്. (സദൃ.14:31) “ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു”.

ഇങ്ങനെയുള്ളവരെ സഹായിക്കുന്നതും, അവർക്ക് നന്മ ചെയ്യുന്നതും, അവരോട് കരുണ കാണിക്കുന്നതും നമ്മിലെ ദൈവകൃപയുടെ പ്രതിഫലനമാണ്. മാത്രമല്ല നമ്മുടെയും അവരുടെയും സൃഷ്ടാവാകുന്ന ദൈവത്തോട് നാം കാണിക്കുന്ന ബഹുമാനവും, ആദരവുമാണ്. അതിനു ലഭിക്കുന്ന ഏതൊരവസരവും നഷ്ടപ്പെടുത്താതെ തക്കത്തിൽ വിനിയോഗിക്കുവാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ എല്ലാവരേയും സഹായിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, റാന്നി**
Mob: 9495184701

# DEFINITION OF THE TERM KNANAYA

**Sundeep Abraham BE, LLB.**

We have been living a story told to us from time immemorial regarding the migration of Knai Thoma and Uraha Mar Ouseph from Edessa and from Persia in AD 345. This story has been retold from generation to generation without any substantial evidence being passed down from the original migrants to prove our heritage. Yet, this evidence has been alive and we have been keeping it safely in our house all this while but have not recognized it. This is our folly which we must take cognizance of and realize that we have had our Church, which is distinct and has been recognized from the times of our Messiah Lord Jesus Christ and the first Bishop James the Just.

At the Knanaya Nazarene Academic Research Centre, I have been seeking for and gathering all possible clues to research the truth about our past and to piece together a comprehensive analysis of our heritage. From researching ancient Greek and Latin records, works of Flavius Josephus, The Holy Bible, DNA Study besides discussions and debates with renowned scholars and experts on ancient history of the Middle East and trade with the Roman Empire. This feat was achieved through my painstaking research of the past twenty five years. I wish to impart my studies on this subject with my brethren through a series of literature made available through various medium including the Knanaya Deepam.

In this article, I shall focus on the topic of the definition of the word Knanaya and Knai (Thoma). The word Knai is a term derived from the Hebrew word K'naim which means *Zeal for God*. This term has its origin in the Holy Bible as can be seen in the Old Testament Book of Numbers, Chapter 25: 10 – 13. The zeal of Phinehas is the source for the blessings for his descendants who are blessed by the Living God of Israel with the covenant of perpetual priesthood. The zeal of Phinehas has been claimed throughout the Old Testament period as well as in the Inter-Testament Apocryphal period by Ezra and the Maccabees. This zeal denotes the sense of nationalism or patriotism.

According to the Holy Bible, Jesus Christ chose Simon the Cananaean at K'far Nahum. Cananaean is the Aramaic form of the Hebrew word K'naim in plural. It is this Cananaean that the word Knanaya is derived from. So, while K'naim is the Hebrew word in singular, Knanaya is the Aramaic word in plural. Hence, we see that the Knanaya community existed in the period of Jesus Christ. Both these terms are derivatives of the Semitic root word QN without any vowels and is pronounced 'kna'.

There is also a reference to such an entity after the ascension of Jesus Christ in the time of James the Just, Peter and Paul as stated in the Acts of the Apostles in Chapter 21: 20 – 26.

But how would this zeal be related to Knai Thoma and his descendants who go by the name Knanaya? Critics would say that it is only in the year 1882 that we officially took the name Knanaya. Until then, so they would say, we went by the name *Thekkumbhagor*, which means *Southists*. The claim for this word *Southist* is allegedly based on the river Periyar on whose northern bank lies the ancient port city of Mahadevapattanam, which today goes by the name Kodungallur.

At the Knanaya Nazarene Academic Research Centre, which has invested in a property on the northern bank of this river for furthering its research program, I have analyzed this theory and found it to be merely a myth. The word is not based on the river, but is based on the location of the ancient settlement of this community in the city of Mahadevapattanam. I am pursuing a research in the quest for this lost ancient city of Mahadevapattanam. This community was settled on the Southern part of the first city of ancient

Kerala which had developed a city settlement for the first time on the basis of the ancient Pandya and Chola settlements of Madurai and Kavery Poompattinam (Poompuhar).

The city of Mahadevapattanam had four courts (known also as Thalli) – Mel Thalli (for the elite and noble), Keezh Thalli (for the Sudras), Nediye Thalli (for the merchants) and Chingapurattu Thalli (for the Brahmins). The Mel Thalli was located in the South of the city and the properties purchased by the Knanaya Academic Research Centre and the Knanaya Samudayam are located in this region. Mel Thalli, over period of time has got corrupted into Methala, by which the panchayat has come to be known and this panchayat has now been merged into the Kodungallur municipality.




The Portuguese, in an attempt to impress upon our forefathers, had constructed a fortification at this part of the city for the benefit of the Knanaya community in the 16th century. Though it came with the price of having to sacrifice our practices and join the Roman Catholic Church in return. This forced our forefathers to abandon their 12 centuries long ancient settlement and migrate to Kottayam and Kallissery rather than giving up their age old sacred faith of their forefathers.

Yet, they maintained economic relationship with the Portuguese and supplied them with pepper and essential commodities from the interior regions such as Kaduthuruthy, Kottayam, Thodupuzha and Kallissery. The fortification was then converted into a Seminary where Syrian pupils were taught the Latin rite to be introduced in the ancient Malankara Suriani Sabha. The Syrian Christians also abandoned this seminary and founded a new Seminary at Vaipikotta in 1581. That place has since then become the settlement of the Latin Christians of Kodungallur.

So, even though they lost their sacred ancestral property which was the basis of their *Thekkumbhagor* identity, our forefathers never abandoned their Knanaya identity. This has been verified and attested by the Portuguese historians. It is only later in 1882 that they were able to establish a distinct existence under the Private Trust Act of 1882 enacted by the British Crown and created the Knanaya Committee, under the initiative of Sri. E M Philip, to take care of the interests of this ancient community under the Malankara Sabha. In 1910, His Holiness, the Patriarch of Antioch and all the East, granted us a separate Diocese in exchange for the decision of the then Knanaya Vicar General to accept the Salmoosa and in return obtained the Stathicon from His Holiness and was consecrated as Geevarghese Mor Severios. Thereafter, the original Trust Deed of 1882 was developed over time and has now become our Knanaya Constitution which has codified the guidelines for the administration and governance of the Malankara Suriani Knanaya Samudayam.

Thus the K'nai and Knanaya interpretation of the expression – zeal for the Lord – means that the forefathers of our community were zealous nationalists who fought for the Knanaya identity and resisted any means to dilute the faith of their ancestors. In this regard we should also consider our unique custom of the sacred Passover Feast. Do we prepare INDRI appam or INRI appam? Not to forget that INRI stands for Iesvs Nazarenvs Rex Ivdaerovm, which means – Jesus the Nazarene, King of the Jews. This is the Latin epitaph which was affixed by Pilate to the Holy Cross on which our Lord Jesus was crucified. Therefore, does not this feast, which we have uniquely celebrated in our living memory, signify our ancient secular ritual of heralding the Messiah as the Supreme Passover Sacrifice, independent of the role of the Church or the presence of any priest,? We herald Jesus as the KING OF THE JEWS in our own unique manner giving clear proof of our nationalistic and patriotic zealot identity

# സൗജന്യ ഭവനത്തിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു



*ക്നാനായ സുവിശേഷ സമാജവും രാമമംഗലം ക്നാനായ വലിയപള്ളിയും ചേർന്ന് നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനം അഭി. ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത ഐക്കര ജിബി കുര്യന് നൽകി ഉദ്ഘാടനം ചെയ്യുന്നു.*

രാമമംഗലം: ക്നാനായ സുവിശേഷ സമാജവും രാമമംഗലം ക്നാനായ വലിയപള്ളിയും ചേർന്ന് നിയമിച്ച ഭവനത്തിന്റെ താക്കോൽദാനം യാക്കോബായ സുറിയാനി സഭയുടെ മൈലാപ്പൂർ ഭദ്രാസന അധിപൻ അഭി. ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളിയുടെയും സുവിശേഷ കമ്മിറ്റിയുടെയും നേതൃത്വത്തിൽ നടത്തുന്ന രാമമംഗലം കൺവൻഷന്റെ ഉദ്ഘാടനം അഭി. തിരുമേനി നിർവ്വഹിച്ചു. ഫാ. വർഗ്ഗീസ് വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

രാമമംഗലം സെന്റ്ജേക്കബ്സ് ക്നാനായ വലിയപള്ളി വികാരി ഫാ. ഏലിയാസ് ഇളവംകുളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെരി. റവ. ഫാ. ജേക്കബ് കോർ എപ്പിസ്ക്കോപ്പാ, ഫാ. ഏലിയാസ് കരോട്ടുമംഗലം, ഫാ. സിജോ മംഗലത്ത്, വലിയപള്ളി ട്രസ്റ്റി പി. യു. ജോസഫ്, സെക്രട്ടറി സാബു കെ. ജോൺ, ഒ. യു. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ ഫാ. എബി വർക്കി വെങ്ങോല, ഫ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, ഫാ. സാബു വർഗ്ഗീസ് മുടവൂർ എന്നിവർ പ്രസംഗിച്ചു.

# അഹന്ത

**പുളിങ്കുന്ന് ലൂക്കാ**

അഹന്തയാണു നിന്നിലേ
അർബുദമെന്ന് കാണുവാൻ
കണ്ണിന് കാഴ്ച ഉണ്ടാകണം.
കാഴ്ച ഉണ്ടായിട്ടും നിൻ മുഖം
കാണാതെ പൊയ്മുഖഗാത്രനായി
പോകുന്നത് എന്തിന്?
മാറ്റിടു ഗർവ്വിൻപൊയ്മുഖ വ്യഹങ്ങൾ
സ്നേഹിക്ക് സോദര സ്നേഹസാഫല്യമായി
പറയാതെ പറയുന്ന അസത്യമാം വാക്കുകൾ
നിൻമുമ്പിൽ നിനക്കായി ശരശയ്യ തീർക്കുന്നു.
പറയരുതെ ഇനിമേൽ അസഭ്യമാം പരദൂഷണം
നിൻനാവ്കൊണ്ട് ഒരുനാളും ഒരിയ്ക്കലും
ആകാശകോട്ടകൾ കണ്ട് ഭ്രമിച്ച നീ
പോകുന്നു അമ്പിളി മാമന്റെ അരികത്ത്
എന്നിട്ടും കാണാതെകേഴുന്ന് ഊഴിയിൽ
തിരയുന്നു ജീവന്റെ പിന്നാമ്പുറങ്ങളിൽ
തിരഞ്ഞാലും കാണില്ല ജീവിതവേദാന്തം
ഇത് മിഥ്യയാണ്, അത് സ്വപ്നമാണ്.
ആ മിഥ്യയാം ജീവന്റെ സായൂജ്യമാകുവാൻ
വീണ്ടും ജനിക്ക് നീ ഒരു പിഞ്ചു പൈതലായി.




## വരനെ ആവശ്യമുണ്ട്

**M. 350**

BDS പാസ്സായ ക്നാനായ യുവതിക്ക് (25) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9818857532

**M. 351**

BBA പാസ്സായതിനുശേഷം സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിക്ക് (26/172cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9656275012

**M. 352**

Knanaya parents invite proposal for their daughter (24/5') born and brought up in Kerala presently doing Pharm-D 6th year Internship (JSS Ooty) seeking alliance from parents of qualified God fearing boys preferably working in USA.

Ph. 9846644005,
WhatsApp. 9846644005

## വധുവിനെ ആവശ്യമുണ്ട്

**M. 353**

B.E. Mechanical Engineering കഴിഞ്ഞ് ഒമാനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/160cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന).

Ph. 9446280774, 8714334677

**M. 354**

Post B.Sc. കഴിഞ്ഞ് ഖത്തറിൽ Male നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന, ഫാമിലി വിസ ഉണ്ട്.)

Ph. 9288605821, 8943155941

**M. 355**

കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്കായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/182cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 8111907247

**M. 356**

സ്വന്തമായി നാട്ടിൽ ബിസിനസ്സും ഉയർന്ന സാമ്പത്തികവുമുള്ള ക്നാനായ യുവാവിന് (29/180cm, BA, Fire, Safety Diploma) നാട്ടിലോ വിദേശത്തോ ജോലിയുള്ള നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. വിദ്യാഭ്യാസമുള്ള ജോലി ഇല്ലാത്തവരെയും പരിഗണിക്കും. വിദേശത്ത് കൊണ്ടുപോകാൻ സാധിക്കുന്നതാണ്. സാമ്പത്തികം പ്രശ്നമല്ല.

Ph. 9847790389

**M. 357**

B.Sc. Computer കഴിഞ്ഞ് അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഇപ്പോൾ നാട്ടിലുണ്ട്).

Ph. 9495912242

**M. 358**

B.Sc. Nursing കഴിഞ്ഞ് നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/176) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9446473825, 9426369421

**M. 359**

മെക്കാനിക്കൽ ഡിപ്ലോമ പാസ്സായിട്ട് ദുബായിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്ന യുവാവിന് (26) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9387734877, 97444927115


## വസ്തു വില്പനയ്ക്ക്

കോട്ടയം കഞ്ഞിക്കുഴി- കളത്തിപ്പടിക്ക് സമീപം 5½ സെന്റ് House Plot വില്പനയ്ക്ക്

**Ph. 8547185520**


കവിത

# യഹോവ എന്റെ നല്ലിടയൻ

സാലി ജയിംസ്, ചേലച്ചിറമങ്ങാട്ട്,
എസ്.പുരം, കുറിച്ചി

(ആദീലാദം ചെയ്ത പാപം..........എന്ന രീതി)

യഹോവ എന്റെ നല്ലിടയൻ
എന്നെ അവൻ സ്നേഹിക്കുന്നു
എനിക്കു അല്ലൽ ഉണ്ടാകില്ല
എന്നെ അവൻ വഴിനടത്തുന്നു (2)

സ്വസ്ഥതയും സമാധാനവും
എനിക്കു നീ നൽകീടുന്നല്ലോ
എൻ ജീവനെ നൽകിയവൻ
നീതി പാതയിൽ നടത്തീടുന്നു (യഹോവ...)

കൂരിരുൾ താഴ്വരയിൽകൂടി
നടന്നാലും ഞാൻ ഭയപ്പെടില്ല
എന്നെ സ്നേഹിക്കുന്നവൻ
എന്നോടുകൂടെ ഇരിക്കുന്നല്ലോ (യഹോവ...)

നിന്റെ വടിയും കോലും എന്നെ
ആശ്വസിപ്പിക്കുന്നല്ലോ
എന്റെ ശത്രുക്കൾ മുമ്പാകെ
എനിക്കു നീ വിരുന്നൊരുക്കീടുന്നു (യഹോവ...)

എന്റെ തലയെ എണ്ണകൊണ്ട്
അഭിഷേകം ചെയ്തീടുന്നു
എന്റെ പാനപാത്രവും
നിറഞ്ഞുകവിഞ്ഞൊഴികീടുന്നു (യഹോവ...)

നന്മയും കരുണയും എന്നായുസ്സിൽ
പിൻതുടർന്നീടുന്നു അനുദിനവും
യഹോവയുടെ സന്നിധിയിൽ
ദീർഘകാലം വസിച്ചീടും ഞാൻ (യഹോവ...)

# ഇനി ഈ യാത്ര അല്പദൂരം മാത്രം

**റ്റി. കെ. തോമസ്, തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ**

യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരും തന്നെ ഉണ്ടാകില്ല. വിശേഷാൽ വിനോദയാത്ര. എന്നാൽ താരതമ്യേന ദൈർഘ്യം കുറവായ ജീവിതയാത്ര എത്ര ആനന്ദകരവും ആസ്വാദ്യവുമാക്കാം എന്ന് ഈ കഥ പറഞ്ഞുതരും. ഒരു ബസ്സ് യാത്രയോടുപമിച്ചുകൊണ്ട് കഥ ഇങ്ങനെ തുടങ്ങുന്നു. ഒരു തിരക്കുപിടിച്ച ബസ്സിൽ യാത്ര ചെയ്തിരുന്ന യുവതിയുടെ അടുത്ത്, കൈനിറയെ ബാഗുകളുമായി ഒരു വൃദ്ധ വന്നിരുന്നു. അവരും ബാഗുകളും കൂടിയായപ്പോൾ ഒട്ടും സ്ഥലം ഇല്ലാതെ ഞെരുങ്ങി ഇരിക്കേണ്ടിവന്ന യുവതിയുടെ അവസ്ഥ കണ്ടപ്പോൾ, വിഷമം തോന്നിയ എതിരേ ഇരുന്ന ഒരാൾ അവരോടു ചോദിച്ചു. നിങ്ങൾ എന്തുകൊണ്ടാണ് പ്രതികരിക്കാത്തത്? അപ്പോൾ ഒരു ചെറുപുഞ്ചിരിയോടെ യുവതി മറുപടി പറഞ്ഞു. ഇത്ര ചെറിയ കാര്യത്തിന് ഞാൻ എന്തിന് ഇത്ര പ്രാധാന്യം കൊടുക്കണം? ദേഷ്യപ്പെടുകയോ തർക്കിക്കുകയോ ചെയ്യണം? ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങുകയാണ്, ഞങ്ങൾ ഒരുമിച്ചുള്ള ഈ യാത്ര, ഇനി അല്പ ദൂരം മാത്രം. സത്യത്തിൽ ജീവിതത്തിലെ എത്ര പ്രസക്തമായ ഒരു കാര്യമാണ് ആ ഉത്തരത്തിലൂടെ യുവതി പറഞ്ഞു വച്ചത്. നമ്മൾ ഒരുമിച്ചുള്ള ഈ യാത്ര ഇനി അല്പദൂരം മാത്രം എന്നിരിക്കെ, ഒരു തർക്കത്തിന്റെയും, വഴക്കിന്റെയും പ്രസക്തി എന്താണെന്ന യുവതിയുടെ ചോദ്യം സുവർണ്ണ ലിപികളിൽ കുറിക്കേണ്ടതല്ലേ? നമ്മുടെ ജീവിതം എത്ര നശ്വരം ആണെന്നും, ചെറുതാണെന്നും, വഴക്കുകൾ കൊണ്ടോ, അനാവശ്യതർക്കങ്ങൾ കൊണ്ടോ, നന്ദികേടുകൊണ്ടോ, ക്ഷമിക്കാതിരിക്കുന്നതുകൊണ്ടോ, പ്രതികാരം കൊണ്ടോ, ഇരുൾ പരത്തേണ്ട ഒന്നല്ല അതെന്നും, നമ്മൾ ഓരോരുത്തരും തിരിച്ചറിഞ്ഞെങ്കിൽ അല്ലെ? നിങ്ങളുടെ ഹൃദയം



ആരെങ്കിലും തകർത്തുവോ? അവരോടു ക്ഷമിക്കൂ. കാരണം ഒരുമിച്ചുള്ള ഈ യാത്ര ഇനി അല്പദൂരം മാത്രം. നിങ്ങളെ ആരെങ്കിലും ചതിച്ചോ? അപമാനിച്ചോ? നാണം കെടുത്തിയോ? വിഷമിക്കേണ്ട, ഒരുമിച്ചുള്ള യാത്ര ഇനി അല്പ ദൂരം മാത്രം എന്നോർത്താൽ മതി. മനസ്സുമുഴുവൻ സ്നേഹവും, നന്ദിയും, മാധുര്യവും കൊണ്ടു നിറയ്ക്കൂ. നന്ദി ഒരനുഗ്രഹമാണ്. ഭീരുക്കൾക്കോ, മനസ്സിൽ തിന്മ നിറഞ്ഞവർക്കോ കിട്ടാത്ത ഒന്ന്. അതുകൊണ്ടുതന്നെ ഉള്ളകാലം നമുക്ക് സന്തോഷത്തോടെ, സ്നേഹത്തോടെ, നന്ദിയോടെ, പരസ്പരം തെറ്റുകൾ പൊറുത്തുകൊണ്ട് മുമ്പോട്ടുപോകാം. കാരണം തിരിച്ചുപോക്കില്ലാത്ത, എപ്പോൾ ആര്, ഏത് സ്റ്റോപ്പിൽ ഇറങ്ങുമെന്ന് മുൻകൂട്ടി പ്രവചിക്കാൻ ആവാത്ത ഈ യാത്ര ഇനി അല്പദൂരം മാത്രം.

## NAZARETH ASRAMAM, OTHERA

**26.2.2020 to 20.03.2020**

Donations

Jinu Markose Manantharayil Thiruvanvandoor 10000/-

Mariya Roshan Cherutharayil Kaviyoor 9000/-

Molykutty Abraham Elamkavil Ranni 15000/-

C.K. Baby Cheruvukalayil Ranni 5000/-

Elias Konamala Ranni 4000/-

**Feast**

Mariya Roshan Cherutharayil Kaviyoor

Moncy Abraham Puthentharappattu Thiruvanvandoor

Saira Simon, Meera Simon,

Remya Simon Kanjeethara Thottabhagom

Fr.Mathew Uthuppan Cherukarethe

Director

## വിവാഹ ഒരുക്ക സെമിനാർ

2020 മെയ് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 8,9 & 22,23 തീയതികളിൽ ക്ലീമ്മീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director) Ph: 9447456204

**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

Registered No. KL/CHC/29/2018-20
Published on 15 April 2020

# KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 31, Issue: 4 ₹ 15




Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**